# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മംഗലപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA/TVM/GP.14/1549/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 08/11/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മംഗലപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/GP.14/1549/2023 തീയ്യതി: 08/11/2023

## തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീജ കെ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 23-09-2023 | 04-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-09-2023 | 04-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ശ്രീദേവി എസ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. എസ്.കെ. ശ്രീജിത്ത്, സീനിയർ ഗ്രേഡ് ഓഡിറ്റർ (PEN 419889)
ശ്രീമതി മിനിമോൾ എസ്. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുമ വി. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ശ്യാംകുമാരൻ ആർ. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അലക്സ് സജി. ജി.എസ്. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി മുംതാസ് | അസി. എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ബീന | വി.ഇ.ഒ. സർക്കിൾ 1 | 01-04-2022 | 31-03-2023 |
| ശ്രീമതി ലീജ ജെ.ആർ. | വി.ഇ.ഒ. സർക്കിൾ 2 | 01-04-2022 | 31-03-2023 |
| ശ്രീ. ജ്യോതിസ് വി. | സെക്രട്ടറി | 01-04-2022 | 11-01-2023 |
| ശ്രീ. ജനീഷ് വി. രാജ് | സെക്രട്ടറി | 12-01-2023 | 22-01-2023 |
| ശ്രീ. ശ്യാംകുമാരൻ ആർ. | സെക്രട്ടറി | 23-01-2023 | 31-03-2023 |
| ശ്രീ. സുഹാസ് ലാൽ | അസി. സെക്രട്ടറി | 01-04-2022 | 22-04-2022 |
| ശ്രീ. ജനീഷ് വി. രാജ് | അസി. സെക്രട്ടറി | 04-05-2022 | 31-03-2023 |
| ഡോ. മിനി എ. മണി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2022 | 26-04-2022 |
| ഡോ.റോഡ്ഫ്രേ ലോപ്പസ് റ്റി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 27-04-2022 | 31-03-2023 |
| ഡോ. ലിമ എം.എൽ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 08-06-2022 |
| ഡോ. സ്മിത എബ്രഹാം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 09-06-2022 | 03-01-2023 |
| ഡോ. എസ്. സുനിൽകുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 04-01-2023 | 31-03-2023 |
| ശ്രീമതി ഷംനഖാൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി അനിത ആർ. | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ലീന. എൽ. | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല | 1-1-4 |
| 6 | പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റി തുടർനടപടി സ്വീകരിച്ചിട്ടില്ല | 1-1-5 |
| 7 | "Directly Debited By Bank" ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല | 1-1-6 |
| 8 | ഫിക്സ്ഡ് അസറ്റുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | നിക്ഷേപ പ്രവൃത്തിയ്ക്കായി കെ.എസ്.ഇ.ബി യ്ക്ക് അനുവദിച്ച തുക – സുലേഖ ചെലവ് പത്രികയും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം ചെലവ് വരവിനേക്കാൾ അധികമായിരിക്കുന്നു | 1-1-9 |
| 11 | പഞ്ചായത്തിന്റെ ദുരിതാശ്വാസനിധിയുടെ നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-10 |
| 12 | പ്രത്യേക ഗ്രാന്റ് തുകകളുടെ നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-11 |
| 13 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബാങ്ക് അക്കൗണ്ട് തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | Stale Cheque തുകകൾ വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-13 |
| 15 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലുകൾക്ക് തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയില്ല | 1-1-14 |
| 16 | സംയുക്ത പ്രോജക്റ്റിനായി ലഭിച്ച തുക - നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല. | 1-1-15 |
| 17 | ഡെപ്പോസിറ്റ് തുക – വാർഷിക ധനകാര്യ പത്രികയിലെ കണക്ക് പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | തൊഴിലുറപ്പ് പദ്ധതി - അപാകങ്ങൾ | 1-1-17 |
| 19 | രജിസ്റ്റർ പ്രകാരമുള്ള വരവും എ എഫ് എസിലെ വരവും പൊരുത്തപ്പെടുന്നില്ല | 1-1-18 |

| | | |
|---|---|---|
| 20 | വാർഷിക ധനകാര്യ പത്രിക പരിശോധന - മറ്റപാകങ്ങൾ | 1-1-19 |
| 21 | ബഡ്ജറ്റ് | 1-2 |
| 22 | സാമ്പത്തിക വിശകലനം | 1-3 |
| 23 | ഗ്രാന്റ് വിനിയോഗം | 1-4 |
| 24 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | ക്ഷേമപദ്ധതികൾ | 1-6 |
| 27 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 28 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 30 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 31 | രസീത് പുസ്തകങ്ങൾ പരിപാലനം - അപാകത | 1-11 |
| 32 | കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-12 |
| 33 | കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-13 |
| 34 | സത്യവാങ്മൂലം ഇല്ലാതെ കെട്ടിടനികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നു | 1-13-1 |
| 35 | വിമുക്ത ഭടൻമാർക്ക് നടപടിക്രമങ്ങൾ പാലിക്കാതെ വസ്തു നികുതി ഒഴിവാക്കി നൽകി | 1-13-2 |
| 36 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-14 |
| 37 | എം ജി എൻ ആർ ഇ ജി എസ് അപാകങ്ങൾ | 1-15 |
| 38 | ട്രേഡേഴ്സ് ലിസ്റ്റ് ലൈസൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. | 1-16 |
| 39 | റേഷൻ കടകൾ - ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-17 |
| 40 | ഓഡിറ്റോറിയങ്ങൾ - എഫ് എ റ്റി ഇ എ ഒ എസ് ലൈസൻസ് എടുത്തിട്ടില്ല. | 1-18 |
| 41 | ആശുപത്രികൾ രജിസ്ട്രേഷൻ എടുക്കുകയോ,ലൈസൻസ് എടുക്കുകയോ ചെയ്തിട്ടില്ല. | 1-19 |
| 42 | തൊഴിൽ നികുതി -അപാകങ്ങൾ | 1-20 |
| 43 | തൊഴിൽ നികുതി-ഡിമാന്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല | 1-20-1 |
| 44 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-20-2 |
| 45 | ഡോക്ടർമാർ തൊഴിൽ നികുതി അടച്ചിട്ടില്ല | 1-20-3 |
| 46 | സഹകരണ സംഘങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 1-20-4 |
| 47 | സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചിട്ടില്ല. | 1-20-5 |
| 48 | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല. | 1-20-6 |
| 49 | കടമുറി വാടക 3000/- രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു. | 1-21 |
| 50 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-22 |

| | | |
|---|---|---|
| 51 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയില്ല | 1-23 |
| 52 | വെള്ളക്കരം കുടിശ്ശിക പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. | 1-24 |
| 53 | പ്രിന്റിംഗ് ചാർജ്ജ്-. ജി.എസ്.ടി ഈടാക്കിയിട്ടില്ല. | 1-25 |
| 54 | എം ജി എൻ ആർ ഇ ജി എസ് മുദ്രപത്രവില ഈടാക്കുന്നതിൽ കുറവ് | 1-26 |
| 55 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-27 |
| 56 | ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-28 |
| 57 | സായൂജ്യം പകൽവീടിന് വാഹനം വാടകയ്ക്ക് എടുക്കൽ-അപാകങ്ങൾ | 1-29 |
| 58 | ബഡ്സ്കൂളിന് വാഹനം വാടകയ്ക്ക് എടുത്തതിലെ അപാകങ്ങൾ | 1-30 |
| 59 | സ്പിൽ ഓവർ പദ്ധതികൾ- തൻവർഷം നടപ്പിലാക്കിയില്ല. | 1-31 |
| 60 | വാഹന പരിപാലനം-അപാകങ്ങൾ | 1-32 |
| 61 | കന്നുകുട്ടി പരിപാലനം- അധിക തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നില്ല-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-33 |
| 62 | ഘടക സ്ഥാപനങ്ങളുടെ വെള്ളക്കരം കുടിശ്ശിക -ധനനഷ്ടം ഒഴിവാക്കണം | 1-34 |
| 63 | അങ്കണവാടി നവീകരണം-സംസ്ഥാന വിഹിതമായി കിട്ടാനുള്ള മുഴുവൻ തുകയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-35 |
| 64 | ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി കൂടിയിട്ടില്ല | 1-36 |
| 65 | സിദ്ധ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ - എക്സ്പെയറി ഡേറ്റ് കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തു | 1-37 |
| 66 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല | 1-38 |
| 67 | അങ്കണവാടികളുടെ പ്രവർത്തനാവലോകനം | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14.07.2023 ലെ 7(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 28.07.2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മംഗലപുരം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മംഗലപുരം ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, വാർഷിക അനുപാതങ്ങൾ എന്നിവ ILGMS ഉൾപ്പെടുത്താനാകാത്തതിനാലാണ് ആയവ ഉൾപ്പെടുത്താത്തതെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 11/26.09.2023 ന്റെ മറുപടി)

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalents" പ്രകാരമുള്ള 13146380/- തുകയും "Net Cash Generated By Operating + Investing + Financing Activities (A+B+C)" പ്രകാരമുള്ള 664883/- തുകയും പൊരുത്തപ്പെടുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സിസ്റ്റം ജനറേറ്റഡ് ആണെന്നും ILGMS – ലെ സാങ്കേതിക അപാകങ്ങളാണ് ഇത്തരത്തിൽ വ്യത്യാസം വരാൻ കാരണമെന്നും വിശദീകരിച്ചിട്ടുണ്ട്. ( ഓഡിറ്റ് അന്വേഷണക്കുറിപ്പ്

11/26.09.2023 ന്റെ മറുപടി)

## 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മംഗലപുരം ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിവ പ്രതിമാസം ഡിമാന്റ് ചെയ്തിട്ടില്ല. 2022-23 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42201564/31.03.2023 |
| 110100102 | Property Tax On Non Residential | 42201565/31.03.2023 |
| 110200101 | Profession Tax - Institutions | 42201514/31.03.2023 |
| 110200105 | Profession Tax - Traders | 42201515/31.03.2023 |

സഞ്ചയ സോഫ്റ്റ് വെയറിൽ പ്രതിമാസ ഡിമാൻഡ് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമല്ലാത്തതിനാലാണ് പ്രതിമാസ ഡിമാൻഡ് രേഖപ്പെടുത്താത്തത് എന്നറിയിച്ചു. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 11/26.09.2023 ന്റെ മറുപടി) ഡിമാന്റ് സമയബന്ധിതമായി രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-1-4 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ തൻ വർഷം വിവിധ പദ്ധതികളിലായി വാങ്ങലുകൾ ഉണ്ട്. ആയതിന്റെ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം ആവശ്യപ്പെട്ടതിന് സ്റ്റോക്കിന്റെ വരവും ആയതിന്റെ വിതരണവും രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ILGMS-ൽ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് മറുപടി നൽകി. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 11/26.09.2023 ന്റെ മറുപടി)

## 1-1-5 പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റി തുടർനടപടി സ്വീകരിച്ചിട്ടില്ല

SBI (36250065056) അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് (മാർച്ച് 2023) പരിശോധിച്ചതിൽ ചെക്കിന്റെ കാലാവധിക്കുള്ളിൽ (നല്കി 3 മാസത്തിനുള്ളിൽ), പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ/ തീയതി | തുക |
|---|---|---|
| 1 | 332005/12-03-2020 | 1,000 |
| 2 | 025606/15-06-2020 | 3000 |
| 3 | 310737 /09-03-2021 | 3,300 |
| 4 | 025681 /28-07-2020 | 7,661 |
| 5 | 810323/31-03-2020 | 8,693 |
| 6 | 025660/15-07-2020 | 1,600 |
| 7 | 766556/31-12-2020 | 723 |
| 8 | 766543/18-12-2020 | 700 |
| 9 | 331992/10-03-2020 | 720 |
| 10 | 331925/ 04-02-2020 | 5,000.00 |
| 11 | 025624/24-06-2020 | 288.00 |

| | | |
|---|---|---|
| 12 | 025661/ 15-07-2020 | 3,509 |
| 13 | 810317/31-03-2020 | 350 |
| 14 | 339558/26-08-2020 | 10,000 |
| 15 | 840255/22-01-2020 | 590 |
| 16 | 331990/10-03-2020 | 378 |
| 17 | 810320/31-03-2020 | 300 |
| 18 | 840269 /27-01-2020 | 11,363 |
| | ആകെ | 59175 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നല്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് അക്കൗണ്ടിൽ മാറാതെ നിൽക്കുന്ന ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റുകയും നിയമാനുസൃത കാലാവധി കഴിഞ്ഞ ചെക്കുകളുടെ തുക വരുമാന ശീർഷകത്തിൽ ഉൾപ്പെടുത്തി തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-6 "Directly Debited By Bank" ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

SBI (36250065056) അക്കൗണ്ടിന്റെ മാർച്ച് 2023 ലെ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ Directly Debited By Bank ഇനത്തിൽ 16,897/- രൂപയുണ്ട്. പ്രസ്തുത തുകയിൽ 16,597/- രൂപ 31-03-2019, 30.04.2019 എന്നീ തീയതികളിൽ ബാങ്ക് ഡെബിറ്റ് ചെയ്തതാണ്. ആയത് 2022-23 വർഷത്തിലും ചെലവായി രേഖപ്പെടുത്താത്തതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (11/26.09.2023) ന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുകകൾ ക്രമീകരിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-1-7 ഫിക്സ്ഡ് അസറ്റുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ചുവടെ പറയുന്ന Fixed Asset- ളുടെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ്( 11/26.09.2023) ന് മറുപടി ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ.

| ക്രമ നം | ഹെഡ് കോഡ് | ഇനം |
|---|---|---|
| 1 | 416100104 | Accumulated Depreciation-Waterways |
| 2 | 416100105 | Accumulated Depreciation-Public Lighting |
| 3 | 416100110 | Accumulated Depreciation- Other Fixed Assets |

ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-8 നിക്ഷേപ പ്രവൃത്തിയ്ക്കായി കെ.എസ്.ഇ.ബി യ്ക്ക് അനുവദിച്ച തുക – സുലേഖ ചെലവ് പത്രികയും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

2021-22 B-18 ഷെഡ്യൂൾ പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നൽകിയതിൽ അവശേഷിക്കുന്ന തുക 6019734/- രൂപയാണ്. 2022-23 വർഷം B-18 ഷെഡ്യൂൾ പ്രകാരം അവശേഷിക്കുന്ന തുക 6142702/- ആണ്. 122968/- രൂപ RP -49 (P) പ്രകാരം ചെലവുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പരിശോധിച്ചതിൽ തൻവർഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നിക്ഷേപ പ്രവൃത്തികൾക്കായി തുക നൽകിയിട്ടില്ല. വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ്( 11/26.09.2023) ന് പ്രസ്തുത തുക കമ്മിറ്റി തീരുമാനപ്രകാരം പോസ്റ്റ് ഷിഫ്റ്റിംഗിനായി ചെലവഴിച്ചതാണെന്ന് അറിയിച്ചു. പ്രസ്തുത ചെലവ് സുലേഖ ചെലവ്

പത്രികയിൽ ഉൾപ്പെടാത്തതിന്റെ കാരണം വ്യക്തമല്ല. ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-1-9 ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം ചെലവ് വരവിനേക്കാൾ അധികമായിരിക്കുന്നു

വാർഷിക ധനകാര്യപത്രികയിലെ Income & Expenditure ഷെഡ്യൂൾ പ്രകാരം വരവ് തുക 234005897/- രൂപയും, ചെലവ് തുക 234376527/- രൂപയുമാണ്. 370630/- രൂപയുടെ കമ്മി നിലനിൽക്കുന്നു. വരവിനേക്കാൾ ചെലവ് കൂടിയിരിക്കുന്നു. തനതുഫണ്ടിന്റെ ബാക്കിയായി നില നിന്ന തുക കൂടി ചെലവഴിച്ചതിനാലാണ് ചെലവ് അധികമായത് എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (11/26.09.2023) ന് മറുപടി നൽകി.

### 1-1-10 പഞ്ചായത്തിന്റെ ദുരിതാശ്വാസനിധിയുടെ നീക്കിയിരിപ്പിൽ വ്യത്യാസം

പഞ്ചായത്തിന്റെ ദുരിതാശ്വാസനിധി യുടെ B-2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 8844/-രൂപയും B-17, RP-40(b) ഷെഡ്യൂളുകൾ എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് 7484/- രൂപയുമാണ്. കൂടാതെ പഞ്ചായത്തിന്റെ ദുരിതാശ്വാസനിധിയുടെ ബാങ്ക് സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പ് 8484.50/-(റിക്കൺസൈൽ ചെയ്തിട്ടുണ്ട്) രൂപയാണ്. പ്രസ്തുത വ്യത്യാസത്തിന്റെ കാരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ്( 11/26.09.2023) ന് 2020-21 വർഷത്തിൽ സാംഖ്യ പ്രകാരമുള്ള ബാലൻസ് തുക ഐ എൽ ജി എം എസ് സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയപ്പോൾ വന്ന പിശക് കാരണമാണ് വ്യത്യാസം വന്നതെന്ന് മറുപടി നൽകി. പ്രസ്തുത അപാകം ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-11 പ്രത്യേക ഗ്രാന്റ് തുകകളുടെ നീക്കിയിരിപ്പിൽ വ്യത്യാസം

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് തുകകളുടെ 31/3/23 ലെ നീക്കിയിരിപ്പും അവയുടെ ബാങ്ക് അക്കൌണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ.

| ക്രമ നമ്പർ | ശീർഷകം | ഇനം | ബി -4 പ്രകാരം | ബി-17 പ്രകാരം |
|---|---|---|---|---|
| 1. | 320100128 | MGNREGS | 938927 | 836244 (48991+ 787253) |
| 2. | 320100197 | Literacy Scheme Grant | 2464 | 2657 |

MGNREGS ൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 102683/- രൂപ തനത് ഫണ്ടിൽ നിക്ഷേപിച്ചതിനാലാണ് വ്യത്യാസം വന്നതെന്നും കൂടാതെ Literacy Scheme Grant ൽ പലിശയായി ലഭിച്ച തുകയാണ് വ്യത്യാസത്തിന് കാരണമെന്നും ഓഡിറ്റ് എൻക്വയറി (നം. 12/22-23, 27.09.2023)ക്ക് മറുപടി നൽകി.

### 1-1-12 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബാങ്ക് അക്കൗണ്ട് തുകയുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ബി - 4 ഷെഡ്യൂൾ പ്രകാരം CFC Basic Tax Grant – ന്റെ നീക്കിയിരിപ്പ് 4454301/- രൂപയും CFC Tied Fund – ന്റെ നീക്കിയിരിപ്പ് 5649472/- രൂപയുമാണ് (ആകെ - 10103773/- രൂപ). CFC ഗ്രാന്റിനായുള്ള കേരള ഗ്രാമീൺ ബാങ്കിലെ അക്കൗണ്ടിലെ (40361101040290) നീക്കിയിരിപ്പ് 6273627/- (B 17 പ്രകാരം) രൂപയാണ്. വ്യത്യാസത്തിന്റെ കാരണം കേരള വാട്ടർ അതോറിറ്റിക്കും കെ എസ് ഇ ബിക്കും ഡെപ്പോസിറ്റ് ചെയ്ത തുക അഡ്വാൻസ് ഹെഡ്ഡിൽ ഉള്ളത് കൊണ്ടാണെന്ന് ഓഡിറ്റ് എൻക്വയറി (നം12/22-23, 27.09.2023) ക്ക് മറുപടി നൽകി.

### 1-1-13 Stale Cheque തുകകൾ വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

ബി-9 ഷെഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിലെ 664598/- രൂപ നീക്കിയിരിപ്പുണ്ട്. 2021-22 ലും ഈ ഇനത്തിൽ 636,192/- നീക്കിയിരിപ്പുണ്ടായിരുന്നു. കാലാവധി കഴിഞ്ഞ ചെക്കുകൾ കമ്മിറ്റി തീരുമാനത്തിന് വിധേയമായി വരുമാന ശീർഷകത്തിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഓഡിറ്റ് എൻക്വയറി (നം. 12/22-23, 27.09.2023). ആവശ്യമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-1-14 ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലുകൾക്ക് തുല്യമായ തുക Capital

Work In Progress ആയി ഉൾപ്പെടുത്തിയില്ല

വാർഷിക ധനകാര്യ പത്രിക B-11 (A) ഷെഡ്യൂൾ പ്രകാരം Capital Work In Progress 517165/- എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Part Bill സംബന്ധിച്ച് എ ഇ യുടെ റിപ്പോർട്ട് പ്രകാരം ആസ്തി നിർമ്മിതിക്കായി 1257437/- രൂപയുടെ പ്രവൃത്തിയാണ് Capital Work In Progress ഇനത്തിൽ ഉള്ളത്. പുതിയ ആസ്തികളായ എല്ലാ പ്രവൃത്തികളേയും Capital Work In Progressഎന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-15 സംയുക്ത പ്രോജക്റ്റിനായി ലഭിച്ച തുക - നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം സംയുക്ത പ്രോജക്റ്റിനായി ലഭിച്ച തുകയിൽ ചുവടെ ചേർത്തിരിക്കുന്ന നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല. 97788/- രൂപയുടെ വ്യത്യാസത്തിനുള്ള കാരണം ലഭ്യമാക്കേണ്ടതാണ്.

| ഹെഡ് കോഡ് | ഇനം | മുന്നിരിപ്പ് | വരവ് (I-6) പ്രകാരം | ചെലവ്(ചെലവ് പത്രിക പ്രകാരം) | നീക്കിയിരിപ്പ് (B4 ഷെഡ്യൂൾപ്രകാരം ) |
|---|---|---|---|---|---|
| 320700204 | Joint Venture -Revenue Expenditure -Block Panchayath | 1579541 | 1970000 | 1970000 | 1677329 |

## 1-1-16 ഡെപ്പോസിറ്റ് തുക – വാർഷിക ധനകാര്യ പത്രികയിലെ കണക്ക് പൊരുത്തപ്പെടുന്നില്ല

2021-22 സാമ്പത്തിക വർഷത്തെ B-7, 2022-23 സാമ്പത്തിക വർഷത്തെ RP-33 (വരവ്), RP-33 (ചെലവ്), B-7 എന്നീ ഷെഡ്യൂളുകൾ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റിന്റെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല. സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പ്രോജക്റ്റിന്റെ ചെലവ് രേഖപ്പെടുത്തിയതിലെ അപാകത കാരണമാണ് വ്യത്യാസം വന്നത് എന്ന് അറിയിച്ചു (ഓഡിറ്റ് എൻക്വയറി 23/22-23, 29.09.2023).

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| Contractors Retention | 266788 | 33531 | 34156 | 279260 (As Per AFS) |

യഥാർത്ഥ നീക്കിയിരിപ്പ് 266163/- രൂപ ആണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-1-17 തൊഴിലുറപ്പ് പദ്ധതി - അപാകതകൾ

| ഇനം | മുന്നിരിപ്പ് | വരവ് (RP- 30) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 898899 | 2426968 | 3325867 | 2386940 (Actual) (880470 (I-14 F) + 1506470 (RP-30(p)) | 836244* |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 69869235 | 69869235 | 69869235 | - |
| ആകെ | 898899 | 72296203 | 73195102 | 72256175 | 836244 |

എൻ ആർ ഇ ജി എസ് ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവും വാർഷിക ധനകാര്യ പത്രികയിലെ ചെലവും പൊരുത്തപ്പെടുന്നില്ല.

* വരവ് തുകയായ 2426968/- രൂപയിൽ 102683/- രൂപ തനതു ഫണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. അതിനാൽ പ്രസ്തുത തുക NREGS നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടില്ല. B4 ഷെഡ്യൂൾ പ്രകാരം 938927/- രൂപ ആണ് നീക്കിയിരിപ്പ്.

## 1-1-18 രജിസ്റ്റർ പ്രകാരമുള്ള വരവും എ എഫ് എസിലെ വരവും പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക, റസീപ്റ്റ് ആന്റ് പെയ്മെന്റ് ഷെഡ്യൂൾ (ആർപി-4) പ്രകാരം ശീർഷകം 140100102 - Registration Fee From Private Hospital & Para Medical Institutions എന്ന ഇനത്തിൽ 2000 രൂപയാണ് വരവ്. എന്നാൽ രജിസ്റ്റർ പ്രകാരം 700/- രൂപയാണ് ഈ ഇനത്തിലെ വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്ററുകൾ വരവ് ചെലവ് കണക്കുകൾ കൃത്യമാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-1-19 വാർഷിക ധനകാര്യ പത്രിക പരിശോധന - മറ്റപാകങ്ങൾ

1. ഡയാലിസിസ് രോഗികൾക്ക് ചികിത്സാ വിഹിതം നൽകൽ (പ്രോജക്ട് നമ്പർ 220/22-23) എന്ന പ്രോജക്ടിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ( 614/31.03.2023 )96000/- രൂപയുടെ ചെലവുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം പ്രസ്തുത പദ്ധതിക്ക് ചെലവില്ല. ക്യൂബിൽ ആയി 2023-24 വർഷം ചെലവ് വന്നതിനാലാണ് തൻവർഷം സുലേഖ ചെലവ് പത്രികയിൽ ചെലവ് വരാത്തത് എന്നറിയിച്ചു. (ഓഡിറ്റ് എൻക്വയറി 23/22-23, 29.09.2023).

2. 2021-22 B-7 ഷെഡ്യൂളിൽ ഉണ്ടായിരുന്ന ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റുകൾ 2022-23 വർഷവും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 340100201 | Contractor’s Security Deposit | 91038 |
| 340100202 | Suppliers’ Security Deposit | 38163 |
| 340100303 | Election Deposit | 45000 |
| 340100401 | Road Cutting - Deposit | 50821 |
| 340109901 | Other Deposits | 136234 |
| 340200199 | Other Deposits | 8504 |
| 340800101 | Deposit Received From Others | 2000 |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3. 2021-22 B-18 ഷെഡ്യൂളിൽ ഉൾപ്പെട്ട നീക്കിയിരിപ്പായ മുൻകൂറുകൾ 2022-23 വർഷവും നീക്കിയിരിപ്പായി അവശേഷിക്കുന്നു. പ്രസ്തുത മുൻകൂറുകൾ ക്രമീകരിക്കുന്നതിനായി നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശം ചുവടെ.

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | 2021-22, 2022-23 എന്നീ വർഷങ്ങളിലെ B-18 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 460100199 | Other Advances | 370532 |
| 460500206 | Advance To Implementing Agencies -Deposit With ANERT | 880000 |
| 460509901 | Advance To Others | 723923 |

## 1-2 ബഡ്ജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ബജറ്റ്, സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2022-23ലെ ബജറ്റ്

| | |
|---|---|
| മുന്നിരിപ്പ് | 10323334 |
| വരവ് | 463055588 |
| ആകെ | 473378922 |

| | |
|---|---|
| ചെലവ് | 467861330 |
| നീക്കിയിരിപ്പ് | 5517592 |

2022-23ലെ റിവൈസ്ഡ് ബജറ്റ്

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസാക്കിയ തീയതി | 26.03.2022 | 08.03.2023 |
| ഭരണസമിതി തീരുമാനം | 1.1 | 1.1 |
| മുന്നിരിപ്പ് | 10323334 | 10323334 |
| വരവ് | 463055588 | 489915781 |
| ആകെ | 473378922 | 500239115 |
| ചെലവ് | 467861330 | 498431763 |
| നീക്കിയിരിപ്പ് | 5517592 | 1807352 |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | പഞ്ചായത്തിന്റെ നടപടിക്രമം (തീയതി ഉൾപ്പെടെ ) |
|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 13/12/2021 ലെ 2ാം നമ്പർ തീരുമാനം |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ 13.12.2021 ലെ 2ാം നമ്പർ തീരുമാനം |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 20.01.2022 |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 31.01.2022 ലെ 1 -ാം നമ്പർ തീരുമാനം |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 28.02.2023 -ാം നമ്പർ തീരുമാനം |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 19.01.2022 -ാം നമ്പർ തീരുമാനം |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 25.02.2022 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 26.03.2022 |

വാർഷിക ബജറ്റ് ഫങ്ഷൻ ഫങ്ഷനറി അക്കൗണ്ട് കോഡ് അടിസ്ഥാനത്തിൽ തയ്യാറാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സിംഗിൾ എൻട്രി സമ്പ്രദായത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 36920628 |
| ഓഡിറ്റ് വർഷത്തെ വരവ് | 60536663 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 47390283 |
| നീക്കിയിരിപ്പ് | 50067008.20 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 20911941 | 20911941 | 22246041 | -1334100 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 0 | 16519691 | 16519691 | 17037821 | -518130 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 6978457 | 6978457 | 1292879 | 5685578 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 4229822 | 4229822 | 3756523 | 473299 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9219885 | 9219885 | 4074984 | 5144901 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 8550000 | 8550000 | 6776687 | 1773313 |
| CSS | 0 | - | - | 699104 | -699104 |
| SSS | 0 | - | - | 2189500 | -2189500 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ടുകളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന വ്യത്യാസമുണ്ട്.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം | എ.സി.ആർ പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരം ( I 6+ Corresponding Capital Contribution) |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 22246041 | 19697919 | 22166299 |
| വികസന ഫണ്ട് (എസ് സി പി) | 17037821 | 16118512 | 17037821 |
| വികസന ഫണ്ട് സി എഫ് സി അൺറ്റൈഡ് (ബേസിക് ഗ്രാന്റ്) | 3756523 | 3756523 | 4922029 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 6776687 | 7370687 | 7001642 |

വ്യത്യാസത്തിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്.

2) 15.07.2021-ലെ സ.ഉ (കൈ) നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസനഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. സ.ഉ(കൈ) നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.4.4 lv പ്രകാരം മെയിന്റനൻസ് ഫണ്ടിലെ റോഡിതര വിഹിതം, റോഡ് വിഹിതം, എന്നിവ ഓരോന്നിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് (അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ) ക്യാരി ഓവർ വിഹിതമായി തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്.

| ഫണ്ടിനം | അനുവദിച്ച തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 8550000 | 4074984 | 47.66 |

മെയിന്റനൻസ് ഫണ്ട് (റോഡിതരം) ഇനത്തിൽ 47.6 ആണ് ചെലവ് ശതമാനം. പരമാവധി 20 % വരെ ക്യാരി ഓവർ വിഹിതമായി തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്. എന്നാൽ മെയിന്റനൻസ് ഫണ്ട് (റോഡിതരം) ഇനത്തിൽ 32.4 % തുക വരുംവർഷത്തിൽ ലാപ്സാകും. ഇത്തരത്തിൽ അനുവദിച്ച തുകയുടെ വിനിയോഗ ശതമാനം കുറയാനുണ്ടായ സാഹചര്യം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 42/2022-23 05.10.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല .

3. ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക

വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 7349892 | 5774294 | 78.6 |
| | പട്ടിക ജാതി | 900000 | 434942 | 48.3 |
| സേവനം | പൊതുവിഭാഗം | 62024803 | 32548676 | 52.5 |
| | പട്ടിക ജാതി | 24675831 | 14923700 | 60.5 |
| പശ്ചാത്തലം | പൊതുവിഭാഗം | 16403179 | 9079321 | 55.4 |
| | പട്ടിക ജാതി | 4590648 | 4387004 | 95.6 |

4) സ.ഉ(കൈ) നം.84/2022/തസ്വഭവ തീയതി 19.04.2022 ഉത്തരവ് ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനം വനിതാഘടക പദ്ധതിക്ക് വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുകയേക്കാൾ വകയിരുത്തിയെങ്കിലും, വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. ഇത്തരത്തിൽ നിയമാനുസൃതം വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാത്തതിന്റെ കാരണം ലഭ്യമാക്കണമെന്ന് താത്പര്യപ്പെടുന്നു.

| വിഭാഗം | വകയിരുത്തേണ്ട കുറഞ്ഞ തുക | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം (%) |
|---|---|---|---|---|
| വനിതാ ഘടക പദ്ധതി | 3666860 | 3672200 | 2099577 | 57.17 |

5. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/contributions തുകകൾ 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320100162 | Sarva Siksha Abhiyan | 124000 |
| 320100181 | Total Sanitation Campaign | 387360 |
| 320100197 | Literacy Scheme Grant | 2464 |
| 320300103 | Grants, Funds & Contributions For Specific Purposes – Other Government Agencies- Total Sanitation | 35050 |
| 320500101 | Grants, Funds & Contributions For Specific Purposes – Welfare Bodies- Capital | 35000 |
| 320700104 | Contributions For Joint Venture Projects (For Capital Expenditure) -From Block Panchayath | 249530 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) -From District Panchayath | 125 |
| 320800101 | Beneficiary Contributions | 2436157 |

6) 2022-23 B-4 ഷെഡ്യൂൾ പ്രകാരം വികസന ഫണ്ട് ജനറൽ, വികസനഫണ്ട് - എസ് സി പി എന്നീ ഇനങ്ങളിൽ നീക്കിയിരിപ്പുണ്ട്. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വികസന ഫണ്ട് ജനറൽ, വികസനഫണ്ട് - എസ് സി പി എന്നീ ഇനങ്ങളിൽ നീക്കിയിരിപ്പ് വന്ന സാഹചര്യം ലഭ്യമാക്കേണ്ടതാണ്. ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകളും ലഭ്യമാക്കേണ്ടതാണ്. ലഡ്ജർ പരിശോധിച്ചതിൽ നീക്കിയിരിപ്പ് വിശദാംശം ലഭ്യമല്ല. വിശദാംശം ചുവടെ

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320200101 | Development Fund - General | 1302800 |
| 320200102 | Development Fund - SCP - Capital | 213730 |

കേരള വാട്ടർ അതോറിറ്റി, കെഎസ്ഇബി എന്നിവിടങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയാണെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ബാലൻസ് ഷീറ്റ് ക്രമീകരിക്കുന്നതാണെന്നും മറുപടി നൽകി. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 11/26.09.2023 ന്റെ മറുപടി).

## 1-5 പദ്ധതി അവലോകനം


ഫണ്ട് വിനിയോഗം

(എ) 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.


| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 24037000 | 22246041 | 1790959 |
| വികസനഫണ്ട് എസ്.സി.പി | 17439000 | 17037821 | 401179 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 8550000 | 6776687 | 1773313 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 8037000 | 4074984 | 3962016 |
| ആകെ | 58063000 | 50135533 | 7927467 |

ആകെ ലഭ്യമാകുന്ന തുക , ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.

(1)




(2)




(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| സെക്രട്ടറി | 33 | 23 | 10 | 10614969 | 7196313 | 67.8 |
| കൃഷി ഓഫീസർ | 6 | 6 | 0 | 1341473 | 909726 | 67.8 |
| ഫിഷറീസ് | 1 | 1 | 0 | 100000 | 40000 | 40 |
| വെറ്റിനറി സർജൻ | 7 | 6 | 1 | 3420000 | 1850361 | 54.1 |
| മെഡിക്കൽ ഓഫീസർ FHC | 13 | 11 | 2 | 7463420 | 5962665 | 79.8 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 0 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർ വേദം) | 7 | 7 | 0 | 2262000 | 2260750 | 99.94 |
| ICDS | 12 | 12 | 0 | 7059826 | 6444965 | 91 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 67 | 31 | 36 | 36072274 | 15336640 | 67.8 |
| ഹെഡ് മാസ്റ്റർ | 7 | 6 | 1 | 2175000 | 2023413 | 93 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 4048770 | 2848770 | 70.3 |
| അസി.സെക്രട്ടറി | 12 | 12 | 0 | 7882138 | 6134205 | 77.8 |
| വിഇഒ | 26 | 20 | 6 | 77353077 | 17700139 | 76 |

(സി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 24037000 | 22246041 | 92.5 |
| എസ്.സി.പി. | 17748654 | 17037821 | 95.99 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 13468456 | 5049402 | 37.4 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 4399463 | 699104 | 15.8 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 17043566 | 2189500 | 12.8 |
| തനത് ഫണ്ട് | 10311857 | 5528898 | 53.6 |
| മറ്റ് ബ്ലോക്ക് പഞ്ചായത്ത് | 5070000 | 1970000 | 38.8 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 3525500 | 1575500 | 44.6 |
| മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് | 8938269 | 6776687 | 75.8 |

| | | | |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് – റോഡ് | 8071743 | 4074984 | 50.5 |
| മറ്റുള്ളവ | 45832594 | 1760000 | 3.8 |
| ആകെ | 158447102 | 68907937 | |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1 പ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 09.12.2021 ലെ 2 (1) -ാം നമ്പർ തീരുമാനപ്രകാരം അംഗങ്ങളെ ഉൾപ്പെടുത്തി പുനഃ സംഘടിപ്പിച്ചു.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധീകരിച്ചതായി അറിയിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റ് ഒരു വർഷത്തിലേറെയായി പ്രവർത്തന സജ്ജമല്ലാത്തതിനാൽ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 25/29.09.2023 ന്റെ മറുപടി).

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പ്.

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം 13വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 03.12.2021 തീയതിയിലെ പഞ്ചായത്ത് കമ്മറ്റിയുടെ 1(2) നം തീരുമാന പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പുന.സംഘടിപ്പിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ നാമ മാത്രമായ പ്രാതിനിധ്യമാണ് യോഗങ്ങളിലുള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. പദ്ധതി രൂപീകരണത്തിനു ശേഷം നിർവ്വഹണ ഘട്ടത്തിൽ ഓരോ വർക്കിംഗ് ഗ്രൂപ്പുകളും മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിച്ച് പ്രോജക്ട്കളുടെ നിർവ്വഹണ പുരോഗതി വിലയിരുത്താറുണ്ട് എന്നറിയിച്ചുവെങ്കിലും വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സിൽ ഇപ്രകാരം മോണിറ്ററിംഗ് നടന്നതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് താഴെ പറയും വിധം മറുപടി ലഭ്യമാക്കി.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | കൃഷി | 11.05.2022 | പറങ്കിമാവ് കൃഷി<br>അലങ്കാര മത്സ്യ കൃഷി | ഉത്പാദന മേഖലയിൽ തുക ലഭ്യമല്ലാത്തതിനാൽ നടപ്പായില്ല |
| 2 | വനിതാ വികസനം | 11.05.2022 | ജാഗ്രതാ സമിതി<br>ക്യാൻസർ നിർണ്ണയം | ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ജ്വാല പദ്ധതി നടപ്പിലാക്കി |
| 3 | സാമൂഹ്യനീതി | 11.05.2022 | കോക്ലിയർ ഇംപ്ലാന്റേഷൻ | ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പദ്ധതി നടപ്പിലാക്കി |

സ്റ്റാറ്റസ് റിപ്പോർട്ട്.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെയും വിശദാംശം ആവശ്യപ്പെട്ടുവെങ്കിലും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സാധിക്കാത്ത അതേ കാരണങ്ങളാൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള പ്രശ്ന പരിഹാരത്തിനുള്ള പ്രോജക്ട്കൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നറിയിച്ചു. (ഓഡിറ്റ് എൻക്വയറി നമ്പർ 25/29.9.2023ന്റെ മറുപടി)

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച നടപടി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | സാമൂഹ്യനീതി | അതീവ ഗുരുതരം | അംഗനവാടികൾക്ക് സ്വന്തം കെട്ടിടം | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 111-ാം നം. അംഗനവാടിക്ക് കെട്ടിടം നിർമ്മിച്ചു. |
| 2 | മൃഗസംരക്ഷണം | ഗുരുതരം | മുഴവൻ കന്നുകുട്ടികൾക്കും തീറ്റ നൽകാൻ കഴിയുന്നില്ല | പ്രോജക്റ്റ് നം. 101 പ്രകാരം തുക വകയിരുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്റിനറി സർജൻ |
| 3 | കുടിവെള്ളം, ശുചിത്വം | ഗുരുതരം | ഗൃഹമാലിന്യ സംസ്കരണം സംവിധാനങ്ങളുടെ അപര്യാപ്തത | വിഇഒ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് നം. 196 ഉറവിട മാലിന്യ സംസ്കരണം തുക വകയിരുത്തി |
| 4 | വിദ്യാഭ്യാസം, കല-സാംസ്കാരിക യുവജനകാര്യം | അതി ഗുരുതരം | ഫർണിച്ചറുകളുടെ കുറവ് | പ്രോജക്റ്റ് നം.165 – ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി തുക വകയിരുത്തി |
| 5 | ജൈവവൈവിധ്യ കാലാവസ്ഥാ വ്യതിയാന ദുരന്ത നിവാരണം | ഗുരുതരം | കയർ പിരി മേഖലയുടെ തകർച്ച | നടപടി സ്വീകരിച്ചില്ല |

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്റ്റ് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്റ്റ് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. എന്നാൽ ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്റ്റുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല.

വായ്പ

മാർഗ്ഗരേഖ 3.4.1.8(എ) പ്രകാരം ആസൂത്രണ സമിതിയുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും സംയുക്ത യോഗത്തിൽ തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് പ്രവർത്തന മേഖലയുള്ള ബാങ്ക് പ്രതിനിധികളുമായി പ്രോജക്റ്റുകൾ പ്രകാരമുള്ള വായ്പാ ആവശ്യങ്ങൾ ചർച്ച ചെയ്ത് നിലവിലുള്ള സാദ്ധ്യതകൾ സംബന്ധിച്ച് വ്യക്തത വരുത്തണമെന്നുണ്ട്. പദ്ധതി രൂപീകരണ നടപടിക്രമത്തിന്റെ ഭാഗമായി ബാങ്ക് അധികൃതരുമായി ചർച്ച നടത്തിയെങ്കിലും വാർഷിക പദ്ധതിയിൽ ബാങ്ക് ലിങ്ക്ട് പ്രോജക്റ്റുകളൊന്നും ഏറ്റെടുത്തിട്ടില്ല എന്നറിയിച്ചു. (ഓഡിറ്റ് എൻക്വയറി നമ്പർ 25 ന്റെ മറുപടി)

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) പ്രകാരം ഗ്രാമപഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. തൻവർഷം അപ്രകാരം തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പ്രോജക്റ്റുകൾ നടപ്പാക്കിയിട്ടില്ല.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പദ്ധതികൾ നടപ്പാക്കിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

നൂതന പ്രോജക്റ്റുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്റ്റുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

CSR ഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് മീറ്റിംഗ് കൂടിയിട്ടുണ്ട്.

ആസ്തി സംരക്ഷണ പദ്ധതി

മാർഗ്ഗരേഖ ഖണ്ഡിക 6.8 പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കണമെന്നുണ്ട്.

ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും എല്ലാ ആസ്തികളും പൂർണ്ണമായും ഉൾപ്പെടുത്തിയി ട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.
വരും വർഷങ്ങളിൽ പദ്ധതി രൂപീകരണ വേളയിൽ സർക്കാർ ഉത്തരവ്, മാർഗരേഖ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതിപ്പണം ലാപ്സാവാതെ പരമാവധി വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്ഷേമപദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2703800 | 273 |
| വിധവ പെൻഷൻ | 20434600 | 1985 |
| വാർദ്ധക്യകാലപെൻഷൻ | 42400100 | 4244 |
| വികലാംഗപെൻഷൻ | 5999000 | 548 |
| വിവാഹധനസഹായം | 90000 | 3 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 575000 | 59 |
| തൊഴിൽ രഹിത വേതനം | 2880 | 2 |

ക്ഷേമ പെൻഷൻ ലഭിക്കുന്നതിനായി പഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യഥാസമയം നൽകി വരുന്നുണ്ട്. ലഭ്യമാക്കിയ മരണ റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മരണം റിപ്പോർട്ട് ചെയ്യാൻ വരുമ്പോൾ തന്നെ ക്ഷേമപെൻഷനുകൾ സസ്പെൻഡ് ചെയ്യുന്നുണ്ട്. അനർഹമായി നൽകിയതായി കണ്ടെത്തിയ പെൻഷൻ തുക ബാങ്കിൽ നിന്നോ, നേരിട്ടോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. നിലവിൽ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉള്ള റബർ സബ്സിഡി കൈപ്പറ്റുന്ന മുഴുവൻ ഗുണഭേക്താക്കളെയും സസ്പൻഡ് ചെയ്തിട്ടുണ്ട്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.09.2023 ന് 11.00 AM സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 39701/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് (RP- 30) | ആകെ | ചെലവ് | നീക്കിയിരിപ്പ് AFS പ്രകാരം |
|---|---|---|---|---|---|
| ഭരണചെലവുകൾ | 898899 | 2426968* | 3325867 | 2386940 (Actual) (880470 (I-14 F) + 1506470 (RP-30(p)) | 836244 ** |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 69869235 | 69869235 | 69869235 | - |
| ആകെ | 898899 | 72296203 | 73195102 | 72256175 | 836244 |

എൻ ആർ ഇ ജി എസ് ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവും വാർഷിക ധനകാര്യ പത്രികയിലെ ചെലവും പൊരുത്തപ്പെടുന്നില്ല.

* വരവ് തുകയായ 2426968/- രൂപയിൽ 102683/- രൂപ തനതു ഫണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. അതിനാൽ പ്രസ്തുത തുക NREGS നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടില്ല.
** നീക്കിയിരിപ്പ് തുക B4 ഷെഡ്യൂൾ പ്രകാരമുള്ള 938927/- രൂപയുമായി പൊരുത്തപ്പെടുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) നികുതി നികുതിയേതര വരുമാന വരവിൽ കൂടുതൽ ജാഗ്രതയോടെ ഓഫീസ് പ്രവർത്തനം നടത്തുന്നതിനുതകുന്നവിധം ജോലി വിഭജനം ക്രമീകരിക്കേണ്ടത് ആവശ്യമാണ്.

2) ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ തയ്യാറാക്കുന്നതിലെ അപാകങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

3) ഫ്രണ്ട് ഓഫീസിൽ ഫോമുകളുടെ രജിസ്റ്റർ ഉണ്ടെങ്കിലും,ആയത് പൂർണ്ണവും കാലികവുമല്ല.

4) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ.(കൈ)നം. 123/2009തസ്വഭവ തീ. 02.07.09 പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട്. എന്നാൽ ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായും മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

5) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതിനുതകുംവിധം ഓഫീസ് ജോലി വിഭജനം നടത്തേണ്ടതുണ്ട്.

6) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

7) ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
8) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 05.05.2022 | 01/01/2021 മുതൽ 31/03/2022 വരെ | 07.05.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.07.2021 | 2007-08 മുതൽ 2011-12 വരെ | 12.09.2022 |

## 1-11 രസീത് പുസ്തകങ്ങൾ പരിപാലനം - അപാകത

രസീതു ബുക്കു പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.
1)ഓരോ രസീത് ബുക്കിലെയും ഫാറങ്ങളുടെ എണ്ണം പരിശോധിച്ച് നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ് എന്ന് KTC Vol. I Article 92(b) (2)-ൽ നിഷ്കർഷിച്ചിട്ടുണ്ട്. ലഭ്യമാക്കിയ രസീത് ബുക്കുകളിൽ ഒന്നിൽ പോലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

2) നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ രസീത് ബുക്കുകളിൽ ഉപയോഗിക്കാതെ അവശേഷിക്കുന്ന പേജുകൾ ക്യാൻസൽ ചെയ്ത് വർഷാവസാനം സറണ്ടർ ചെയ്യേണ്ടതാണ്. എ.ഇ.യ്ക്കും (ബുക്ക് നം.1742) മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. യ്ക്ക് (ബുക്ക് നം.1740),VEOയ്ക്കും (ബുക്ക് നം.2329) നല്കിയ ബുക്കുകൾ പരിശോധിച്ചതിൽ ഇക്കാര്യം പാലിച്ചിട്ടില്ല എന്ന് കണ്ടു.ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 41/5.10.2023-ന് മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരവും, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും വസ്തുനികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ ചുവടെച്ചേർക്കുന്ന മുരുക്കുംപുഴ, ചെമ്പകമംഗലം, കൈലാത്തുകോണം എന്നീ വാർഡുകളിലെ ഏതാനും കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ലായെന്ന് വ്യക്തമാകുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ചതുരശ്രമീറ്റർ) |
|---|---|---|---|---|
| 1 | 13/301 | തങ്കമണി, കവിതനിവാസ് | പാർപ്പിടാവശ്യം | 80 Cm2 |
| 2 | 13/348 | ശ്യാമള, ആയില്ല്യം, കരിപ്പുറത്ത് വീട് | പാർപ്പിടാവശ്യം | 70 Cm2 |
| 3 | 2/14 | രാജമ്മ, പുത്തൻവീട് | പാർപ്പിടാവശ്യം | 80 Cm2 |
| 4 | 2/161 | രവീന്ദ്രൻ, ചരുവിള വീട് | പാർപ്പിടാവശ്യം | 73 Cm2 |
| 5 | 1/446 | ബാബു/ഇന്ദിര വിളയിൽ വീട് | പാർപ്പിടാവശ്യം | 96 Cm2 |
| 6 | 1/441 | രാധ, കല്ലുവിള വീട് | പാർപ്പിടാവശ്യം | 96 Cm2 |
| 7 | 1/379 | ഷീല, കരണ്ടൻ വിളാകം | പാർപ്പിടാവശ്യം | 90 Cm2 |
| 8 | 1/297 | സാവിത്രി, കുത്താങ്ങൽ വീട് | പാർപ്പിടാവശ്യം | 74 Cm2 |

മേൽ അപാകതകൾക്ക് ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള അസസ്സ്മെന്റ് രജിസ്റ്റർ (2005) പരിശോധിച്ചപ്പോൾ ARV (Annual Rental Value) അടിസ്ഥാനമാക്കി നികുതി നിശ്ചയിക്കപ്പെടേണ്ടിയിരുന്ന ടി കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടില്ലെന്നും ആയതിനാലാണ് പ്രസ്തുത കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയപ്പോൾ വസ്തുനികുതി '0' ആയി വന്നിട്ടുള്ളതെന്നും തദ്ദേശ സ്വയം ഭരണ(ആർ.സി) വകുപ്പിന്റെ 22.3.2023 ലെ സ.ഉ.(കൈ)നം.77/2023/എൽ.എസ്.ജി.ഡി ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനായി ഫീൽഡ്തല പരിശോധന നടത്തുമ്പോൾ ടി കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി നം. 14/29.9.2023-ന് മറുപടിയായി അറിയിച്ചു.

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ പ്രസ്താവിച്ച പ്രകാരമുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം ഫാറം 6-ൽ വിവരങ്ങൾ ശേഖരിച്ച് വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും ഫാറം 4 (വാർഡ് അടിസ്ഥാനത്തിൽ) വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് നികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ മുരുക്കുംപുഴ, ചെമ്പകമംഗലം വാർഡുകളിലെ 1 മുതൽ 500 വരെയുള്ള കെട്ടിടങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ അസസ്സ്മെന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ലായെന്ന് വ്യക്തമാകുന്നു.

വാർഡ് 13 (മുരുക്കുംപുഴ)

| Missing From | Missing To | Missing Total |
|---|---|---|
| 9 | 9 | 1 |
| 41 | 41 | 1 |
| 104 | 106 | 3 |
| 120 | 120 | 1 |
| 146 | 146 | 1 |
| 153 | 153 | 1 |
| 160 | 161 | 2 |
| 167 | 167 | 1 |
| 189 | 189 | 1 |
| 208 | 208 | 1 |
| 220 | 220 | 1 |
| 258 | 258 | 1 |
| 262 | 262 | 1 |
| 292 | 293 | 2 |
| 315 | 315 | 1 |
| 331 | 331 | 1 |
| 338 | 338 | 1 |
| 344 | 344 | 1 |
| 352 | 352 | 1 |
| 359 | 361 | 3 |
| 368 | 368 | 1 |
| 391 | 392 | 2 |
| 408 | 408 | 1 |
| 424 | 424 | 1 |
| 430 | 430 | 1 |
| 445 | 445 | 1 |
| 474 | 474 | 1 |
| | Total | 34 |

വാർഡ് 2 ( ചെമ്പകമംഗലം )

| Missing From | Missing To | Missing Total |
|---|---|---|
| 51 | 51 | 1 |
| 57 | 57 | 1 |
| 61 | 61 | 1 |
| 95 | 95 | 1 |
| 106 | 106 | 1 |

| | | |
|---|---|---|
| 181 | 182 | 2 |
| 197 | 198 | 2 |
| 202 | 203 | 2 |
| 222 | 222 | 1 |
| 225 | 225 | 1 |
| 228 | 229 | 2 |
| 293 | 293 | 1 |
| 304 | 304 | 1 |
| 385 | 385 | 1 |
| 390 | 391 | 2 |
| 428 | 428 | 1 |
| Total | | 21 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 15/29.9.2023-ന്, തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 22.3.2023 ലെ സ.ഉ. (കൈ)77/2023/എൽ.എസ്.ജി.ഡി. പ്രകാരമുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനായി ഫീൽഡ്തല പരിശോധന നടത്തുമ്പോൾ പ്രസ്തുത കെട്ടിടങ്ങൾ നിലവിലുണ്ടെങ്കിൽ ആയതുകൂടി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി കാലികമാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 15/29.9.2023-ന്,മറുപടിയായി ലഭ്യമാക്കിയിട്ടുണ്ട്.

വാർഡ്തലത്തിൽ പരിശോധന നടത്തി ഇത്തരത്തിലുള്ള കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13-1 സത്യവാങ്മൂലം ഇല്ലാതെ കെട്ടിടനികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നു

സർക്കാർ ഉത്തരവ് നം.144/2015 പ്രകാരം 60 ച.മീ- ന താഴെ തറ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള എല്ലാ കെട്ടിടങ്ങളെയും നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ സർക്കാർ ഉത്തരവ് നം. 358/2015 പ്രകാരം സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ള കെട്ടിടങ്ങളെ മാത്രമാണ് നികുതിയിൽ നിന്നും ഒഴിവാക്കേണ്ടത്. എന്നാൽ ചില കെട്ടിടങ്ങൾ സത്യവാങ്മൂലം നൽകാതെ തന്നെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്ന കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 13 | 43 | പൗളി, കൊച്ച് തോപ്പ് ഹൗസ്, മുരുക്കുംപുഴ | താഴത്തെ നില 39 ച.മീ |
| 2 | 13 | 155 | ശ്രീമതി, സ്മൃതി, മുരുക്കുംപുഴ | താഴത്തെ നില 50 ച.മീ |
| 3 | 13 | 162 | സുഭാഷിണി, തെക്കേവിളാകം, മുരുക്കുംപുഴ | താഴത്തെ നില 60 ച.മീ |
| 4 | 13 | 206 | മോഹനൻ, തൊട്ടിവിളാകം, മുരുക്കുംപുഴ | താഴത്തെ നില 58 ച.മീ |
| 5 | 8 | 23 | റംലാ ബീവി, സനോബർ മൻസിൽ, മംഗലപുരം, തോന്നയ്ക്കൽ | താഴത്തെ നില 45 ച.മീ |
| 6 | 8 | 135 | മുഹമ്മദ് ഷാഫി, തോപ്പിൽ, എസ്.എം.എ.കെ. | താഴത്തെ |

| | | | | |
|---|---|---|---|---|
| | | | മൻസിൽ, മംഗലപുരം | നില 180 ച.മീ |
| 7 | 8 | 589 | രഘു. ബി.ആർ ഭവൻ, തോന്നയ്ക്കൽ | താഴത്തെ നില 40 ച.മീ |

മേൽ വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം.43/5.10.2023) ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും കെട്ടിടങ്ങൾ പരിശോധിച്ച് സത്യവാങ്മൂലം വാങ്ങേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13-2 വിമുക്ത ഭടൻമാർക്ക് നടപടിക്രമങ്ങൾ പാലിക്കാതെ വസ്തു നികുതി ഒഴിവാക്കി നൽകി

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ ചില വാർഡുകൾ പരിശോധിച്ചതിൽ 2022-23 വർഷം മേൽ നടപടി ക്രമം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയതായി കാണുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | പേര് , വിലാസം |
|---|---|---|
| 1 | 3/331 | എം.കെ.ബഷീർ, തൻസിൻ, 16-ാം മൈൽ, തോന്നയ്ക്കൽ |
| 2 | 10/422 | അബ്ദുൾ റഷീദ്, ഫിസോ നിവാസ്, മംഗലപുരം |
| 3 | 9/241 ബി | രാജിലാ ബീവി, തക്ദീർ മഹൽ, മംഗലപുരം |
| 4 | 9/646 എ | സ്മിത, തിരുവാതിര, പാട്ടത്തിൻകര |
| 5 | 9/744 | പി. ശ്യാമളയമ്മ, കൊച്ച് വീട്, തോന്നയ്ക്കൽ |
| 6 | 9/794 എ | പ്രസന്നകുമാര്, ചെക്കാലയിൽ വിട്, പാട്ടത്തിൻകര, തോന്നയ്ക്കൽ |
| 7 | 9/800 | രാജേന്ദ്രൻ നായർ, രാജേന്ദ്ര വിലാസം, തോന്നയ്ക്കൽ |
| 8 | 8/4 | അനിതകുമാരി, പൗർണ്ണമി, തോന്നയ്ക്കൽ |
| 9 | 6/30 എ | അപ്പുക്കുട്ടൻപിള്ള, ഗാർഡൻ ഹൗസ്, മുട്ടക്കോണം |
| 10 | 6/320 | കുട്ടപ്പൻ നായർ, കെ.എസ്. നിവാസ്, മുട്ടക്കോണം, കുടവൂർ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (44/5.10.2023) മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് പ്രസ്തുത കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല

സഞ്ചയ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ടെലഫോൺ ടവറുകളുടെ വസ്തുനികുതി ഒടുക്കിയതായി കാണുന്നില്ല.

| ക്രമ | ബിൽഡിംഗ് | വാർഡ്/ | ഉടമയുടെ പേര് | മേൽവിലാസം | നികുതി | കുടിശ്ശിക |
|---|---|---|---|---|---|---|

| നം. | ഐ.ഡി | കെട്ടിട നം. | | | ഒടുക്കാത്ത കാലയളവ് | |
|---|---|---|---|---|---|---|
| 1 | 50271010005348 | 1/559 എ | സബ് ഡിവിഷണൽ എഞ്ചിനീയർ | ബി.എസ്.എൻ.എൽ മൊബൈൽ സർവീസ് | 2013-14 മുതൽ 2022-23 വരെ | 18880 |
| 2 | 50271010004763 | 13/438 | ഇൻഡസ് ടവർ ലിമിറ്റഡ് | 8th ഫ്ലോർ, വെങ്ങരത്ത് ടവർ | 2022-23 | 22359 |

മേൽപ്പറഞ്ഞ മൊബൈൽ ടവറുകളുടെ വസ്തുനികുതിയായ 22359+18880 = 41239/- രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നം.16/29.9.2023-ന് മറുപടിയായി അറിയിച്ചു.

മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കി, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 എം ജി എൻ ആർ ഇ ജി എസ് അപാകങ്ങൾ

I) 14.09.2018 ലെ 2679/EGS-C/17/REGS നം. കത്ത് പ്രകാരം എം.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടർ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പ്രകാരം കുടുംബശ്രീ സംരംഭക ഗ്രൂപ്പിനെയാണ് തൊഴിലുറപ്പ് പദ്ധതിയുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കേണ്ട ചുമതല ഏൽപ്പിക്കേണ്ടത്. പ്രസ്തുത ഗ്രൂപ്പുകൾക്ക് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി പരിശീലനം നൽകേണ്ടതാണ്. അപ്രകാരമുള്ള കുടുംബശ്രീ സംരംഭക ഗ്രൂപ്പ് 2022-23 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്നുവെങ്കിൽ വിശദാംശംലഭ്യമാക്കാൻ 03.10.2022 തീയതിയിൽ 30ാം നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നതിൽ പരിശീലനം നൽകുന്നതിനു അനുബന്ധ നടപടികളും സ്വീകരിച്ച് വരുന്നതായാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്. മേൽ നടപടികൾ വേഗത്തിലാക്കേണ്ടതാണ്.

II) 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികമുള്ള കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ആദായ നികുതി, ജി.എസ്.ടി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ 03.10.2023 തീയതിയിൽ 30ാം നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നതിൽ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുന്നതിനായി പുതിയ ഹോൾഡിംഗ് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം അനുസരിച്ച് തുടർനടപടികൾ സ്വീകരിച്ച് വരുന്നതായും മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്. TDS കുറവ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നതായും മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്. സർക്കാരിലേക്ക് നിയമാനുസൃതമായി ഒടുക്കേണ്ടുന്ന തുകകൾ സമബന്ധിതമായി കുറവ് ചെയ്ത് ഒടുക്കുവരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| കരാറുകാരൻ | പ്രവൃത്തിയുടെ പേര് | നൽകിയ തുക |
|---|---|---|
| ഷേർഷാ ജമീൽ , സഫീന മൻസിൽ ശാസ്തവട്ടം മംഗലപുരം. | RC/346367 MB No 214/22-2 കല്ലുകാട് റോഡ് കോൺക്രീറ്റ് ശാസ്തവട്ടം വാർഡ്. | 420256 |
| | RC/341646 MB No 24/22 പാറയിൽതടം റോഡ് കോൺക്രീറ്റ്. വെയിലൂർ വാർഡ്. | 335084 |
| ഹരീന്ദ്രൻ വേലം വിളാകത്ത്, കുടവൂർ | RC/341642 MB No 49/22 മാത്തിൽ റോഡ് കോൺക്രീറ്റ് കോട്ടറക്കരി വാർഡ് | 418672 |

## 1-16 ട്രേഡ്സ് ലിസ്റ്റ് ലൈസൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

മംഗലപുരം പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 568 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ വിവിധ വാർഡുകൾ തിരിച്ച് സൂക്ഷിച്ചിട്ടുള്ള ട്രേഡ്സ് ലിസ്റ്റിൽ 531 സ്ഥാപനങ്ങളെ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ അപാകത പരിഹരിച്ച് ട്രേഡ്സ് രജിസ്റ്റർ കാലികമായി സൂക്ഷിക്കേണ്ടതാണ്.

## 1-17 റേഷൻ കടകൾ - ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിന്റെ സ്ഥലം ഒരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസിൽ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 2022-2023 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും റേഷൻ കടകൾക്ക് ലൈസൻസ് നൽകിയതായി കാണുന്നില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻകടകൾക്കും ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കാക്കുവാൻ 26.09.2023 ൽ 8ാം നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയിട്ടുള്ളതിൽ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ഓഡിറ്റോറിയങ്ങൾ - എഫ് എ റ്റി ഇ എ ഒ എസ് ലൈസൻസ് എടുത്തിട്ടില്ല.

ചുവടെ ചേർത്തിട്ടുള്ള ഓഡിറ്റോറിയങ്ങളിൽ വിവാഹ ചടങ്ങുകൾ നടന്നിട്ടുള്ളതായി വിവാഹ രജിസ്ട്രേഷൻ രേഖകളിൽ കാണുന്നു. എന്നാൽ ടി ഓഡിറ്റോറിയങ്ങൾക്ക് 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് 232 -ാം വകുപ്പ് പ്രകാരം ലൈസൻസ് നൽകിയിട്ടുള്ളതായി 2022-2023 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല. പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1. MSR ഓഡിറ്റോറിയം

2. പാന്നൂർ ജമാഅത്ത് ഹാൾ

3. കാർത്തിക ഓഡിറ്റോറിയം, മംഗലപുരം

4. കോട്ടക്കരി ജമാഅത്ത് ഹാൾ

5. കുടവൂർ മഹാദേവ ട്രസ്റ്റ് - ശ്രീശൈലം ഓഡീറ്റോറിയം

6. കാളകണ്ഠേശ്വരം ക്ഷേത്രം ഓഡിറ്റോറിയം

7. വാലിക്കോണം ഭദ്രകാളിക്ഷേത്രം ട്രസ്റ്റ് ഓഡിറ്റോറിയം

8. സഫ കൺവെൻഷൻ സെന്റർ, മംഗലപുരം

9. റഷജ് റോയൽ

പ്രസ്തുത സ്ഥാപനങ്ങൾ എഫ്.എ.റ്റി.ഇ.എ.ഒ. എസ് ലൈസൻസ് എടുക്കാത്തതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വഷണത്തിന് (നം.8) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നുള്ള ഫീൽഡ് അന്വേഷണം നടത്തി എല്ലാസ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ആശുപത്രികൾ രജിസ്ട്രേഷൻ എടുക്കുകയോ,ലൈസൻസ് എടുക്കുകയോ ചെയ്തിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1999 ലെ കേരള പഞ്ചായത്ത് രാജ് (ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3(2) മുതൽ 5(1) വരെ എന്നിവ പ്രകാരം, ആശുപത്രികൾ രജിസ്ട്രേഷൻ എടുക്കുകയും, എല്ലാവർഷവും പുതുക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ മംഗലപുരംപഞ്ചായത്ത് ഓഫീസിനു സമീപത്തായി പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ ആശുപത്രി രജിസ്ട്രേഷൻ എടുക്കുകയോ, ലൈസൻസ് എടുക്കുകയോ ചെയ്തിട്ടില്ല.

1. KBVM ആയുർവേദ മഠം

2. കവിതാ ഹോസ്പിറ്റൽ

3. പാണക്കാട് ശിഹാബ് തങ്ങൾ മെമ്മോറിയൽ ആശുപത്രി.

ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നം. 33 ന് മറുപടി ലഭ്യമായില്ല. ടി സ്ഥാപനങ്ങൾ ആശുപത്രി രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. മറ്റു വാർഡുകളിലും സമാന രീതിയിൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ, ലൈസൻസ് എടുക്കാൻ വിട്ടുപോയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

## 1-20 തൊഴിൽ നികുതി -അപാകങ്ങൾ

തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-20-1 തൊഴിൽ നികുതി-ഡിമാന്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല

കേരള തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 205(l) പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ടുള്ള വാർഡു തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. മംഗലപുരം ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം അപ്രകാരം ഒരു രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1) മറുപടി ലഭ്യമായില്ല.തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി അടയ്ക്കുന്ന സ്ഥാപനങ്ങളെ മാത്രം വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിരിക്കുന്ന രജിസ്റ്ററിൽ ഉൾപ്പെടുത്തുന്ന രീതിയാണ് അനുവർത്തിച്ച് വരുന്നത്. തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി അടയ്ക്കാതെ ഗ്രാമ പഞ്ചായത്ത്പരിധിയിൽ പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളുടെ വിവരം ടി രജിസ്റ്ററുകളിൽ ലഭ്യമല്ല. ഓരോ വാർഡിലും പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും സംബന്ധിക്കുന്ന പൂർണ്ണമായ വിവരത്തിന്റെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത്പരിധിയിൽ തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി അടയ്ക്കാതെ,സ്ഥാപനങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തുക സാധ്യമല്ല. തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി അടയ്ക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്നതിനാലും‌ഈയിനത്തിലുള്ള വരുമാനം കുറയും എന്നതിനാലും ഗ്രാമ പഞ്ചായത്ത് പരിധിയിലെ മുഴുവൻ വാണിജ്യ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുകയും ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 1-20-2 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2022-23 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2022-23 വർഷം ഗ്രാമപഞ്ചായത്തിലെ മരാമത്തു പ്രവൃത്തികൾ ആകെ 15 കരാറുകാർ ഏറ്റെടുത്തിട്ടുള്ളതായി ടെൻഡർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.പ്രസ്തുത കരാറുകാർ എല്ലാം തന്നെ വർഷങ്ങളായി കോൺട്രാക്ടർ ലൈസൻസുള്ളവരാണെന്ന് മരാമത്ത് പ്രവൃത്തി ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ലൈസൻസ് പകർപ്പുകളിൽ നിന്ന് വ്യക്തമാണ്. പ്രസ്തുത കരാറുകാർ പഞ്ചായത്തിന്റെ പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുള്ളതും മറ്റ് പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്തതുമാണോ എന്ന് ഉറപ്പു വരുത്തേണ്ടതും, തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 1 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-20-3 ഡോക്ടർമാർ തൊഴിൽ നികുതി അടച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) അടിസ്ഥാനത്തിൽ ചട്ടങ്ങൾ, ചട്ടം 3(2) മുതൽ 3(11) വരെ എന്നിവ പ്രകാരം ഡോക്ടർമാർ വരുമാനത്തിന്റെ നിശ്ചിത നിരക്കിൽ തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്. മംഗലപുരം ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തെ ആശുപത്രി രജിസ്ട്രേഷൻ എടുത്ത ഡോക്ടർമാർ എല്ലാം 55/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ചതായി മാത്രമേ ഫയലിൽ രേഖപ്പെടുത്തൽ ഉള്ളൂ.ടി ഡോക്ടർമാർ തൊഴിൽ നികുതി അടച്ചിട്ടുള്ളതായി രേഖപ്പെടുത്തൽ ഇല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഡോക്ടറുടെ പേര് | രജിസ്റ്റർ നം. |
|---|---|---|---|
| 1 | Doctors' Diagnosis Clinic For Dentistry &Maxilofacial | ഡോ.ഷമീംജമാൽ | 1 |
| 2 | അൽനിയാദി ഹോസ്പിറ്റൽ | ഡോ.എ.നാസറുദീൻ | 2 |
| 3 | പുന്നശ്ശേരി ഹോമിയോപ്പതി | ഡോ.ജാക്സൺ ഡിസിൽവ | 4 |
| 4 | Smart Care Dental Clinic | ഡോ.ഗീതു.R.G | 7 |
| 5 | PVM Dental Clinic | ഡോ.ദിവ്യാ.J.K | 8 |
| 6 | Dr.Shahin's Dental Cliinic | ഡോ.ഷഹീൻV.R | 9 |
| 7 | Dr.Nabeel's Dental Clinic | ഡോ.നബിൽ **അബ്ദുൾ വാഹിദ് | 10 |
| 8 | Dr.Ancy's Dental Clinic | ഡോ.ആൻസി | 11 |

| | | | |
|---|---|---|---|
| 9 | Brightcare Dental Clinic | ഡോ.ജസീർ&മിയാദാ ജസീർ | 12 |
| 10 | S.N. ഹോമിയോ ക്ലിനിക് | ഡോ.ബൈജു.K.N | 13 |

**പരസ്യ ബോർഡുകളിലെ രേഖപ്പെടുത്തൽ പ്രകാരം ടി ക്ലിനിക്കിൽ ആകെ 10 ഡോക്ടർമാർ ജോലി ചെയ്യുന്നു.
താഴെ പറയുന്ന ഡോക്ടർമാർ ലൈസൻസ് എടുത്തിട്ടുള്ളതായി ലൈസൻസ് രജിസ്ററിൽ രേഖപ്പെടുത്തൽ ഉണ്ട്.എന്നാൽ ടി ഡോക്ടർമാർ തൊഴിൽ നികുതി അടച്ചിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഡോക്ടറുടെ പേര് | ലൈസൻസ് നം |
|---|---|---|---|
| 1 | ഹോമിയോ ഹൌസ് | ഡോ.നസിമുദീൻ | 392 |
| 2 | ഹോമിയോ ക്ലിനിക് | ഡോ.സബീന | 507 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.20ന് മറുപടി ലഭ്യമായില്ല. ടി ഡോക്ടർമാരിൽ നിന്ന്തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-20-4 സഹകരണ സംഘങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം,സഹകരണ സംഘങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23 വർഷം , പഞ്ചായത്ത് ഓഫീസിനടുത്തുള്ള രണ്ടു വാർഡുകളിലായി സ്ഥിതി ചെയ്യുന്ന ,താഴെ പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുകയോ നികുതി അടയ്ക്കുകയോ ചെയ്തിട്ടില്ല.
1.ചെമ്പക മംഗലം ക്ഷീര സഹകരണ സംഘം
2.പട്ടിക ജാതി ക്ഷേമ സഹകരണ സംഘം,കോരാണി.
3.മുല്ലശ്ശേരി ക്ഷീര സഹകരണ സംഘം
4.വേങ്ങോട് ക്ഷീര സഹകരണ സംഘം
ടി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിക്ക്(നം.1) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.മറ്റു വാർഡുകളിലും സമാന രീതിയിൽ സ്ഥാപനങ്ങളെ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

## 1-20-5 സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചിട്ടില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 (ഐ) പ്രകാരം, തൊഴിൽ നികുതി നിലവിലുള്ളതും പുതുതായി നിലവിൽ വന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഓഫീസിനടുത്തുള്ള രണ്ടു വാർഡുകളിലായി സ്ഥിതി ചെയ്യുന്ന ,താഴെപറയുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ,തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.
1.ജയലക്ഷ്മി ഫിനാൻസ്,പുകയിലതോപ്പ്.
2.KVKഫിനാൻസ്,കുറക്കട

മേൽ സ്ഥാപനങ്ങളെ വരും വർഷങ്ങളിൽ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും,ജീവനക്കാരുടെ തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം. 1ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.മറ്റു വാർഡുകളിലും സമാന രീതിയിൽ സ്ഥാപനങ്ങളെ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

## 1-20-6 സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം വിറ്റുവരവുള്ള സ്ഥാപനങ്ങൾ/സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ പ്രതിവർഷം, വരുമാനത്തിന് ആനുപാതികമായ നിരക്കിൽ സ്ഥാപന തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്.
(A) ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം താഴെപറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിലും, സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളതായി,തൊഴിൽ നികുതി രജിസ്റ്ററിലോ, സ്റ്റേറ്റ്മെന്റിലോ രേഖപ്പെ ടുത്തൽ ഇല്ല
1. ഇൻഡസ് മോട്ടോഴ്സ്
ടി സ്ഥാപനം, സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളതായി ലൈസൻസ് രജിസ്റ്ററിലും രേഖപ്പെടുത്തൽ ഇല്ല.
(B) താഴെ പറയുന്ന സ്ഥാപനങ്ങൾ രണ്ടാം അർദ്ധ വർഷം മാത്രമേ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളു.

1. Catholic Syrian Bank

(C) താഴെ പറയുന്ന സ്ഥാപനങ്ങൾ ഒന്നാം അർദ്ധ വർഷം മാത്രമേ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളൂ.

1. ശ്രീ ശ്രീ വിദ്യാമന്ദിർ

(D) മംഗലപുരം ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തെ ആശുപത്രി രജിസ്ട്രേഷൻ എടുത്ത ഡോക്ടർമാർ എല്ലാം 55 രൂപ രജിസ്ട്രേഷൻ ഫീസ് അടച്ചതായി മാത്രമേ ഫയലിൽ രേഖപ്പെടുത്തൽ ഉള്ളൂ.ടി ആശുപത്രികൾസ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളതായി രേഖപ്പെടുത്തൽ ഇല്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഡോക്ടറുടെ പേര് | രജിസ്റ്റർ നം |
|---|---|---|---|
| 1 | Doctors' Diagnosis Clinic For Dentistry &Maxilofacial | ഡോ.ഷമീംജമാൽ | 1 |
| 2 | പുന്നശ്ശേരി ഹോമിയോപ്പതി | ഡോ.ജാക്സൺ ഡിസിൽവ | 4 |
| 3 | Smart Care Dental Clinic | ഡോ.ഗീതു.R.G | 7 |
| 4 | PVM Dental Clinic | ഡോ.ദിവ്യാ.J.K | 8 |
| 5 | Dr.Shahin's Dental Cliinic | ഡോ.ഷഹീൻV.R | 9 |
| 6 | Dr.Nabeel's Dental Clinic | ഡോ.നബിൽ അബ്ദുൾ വാഹിദ് | 10 |
| 7 | S.N. ഹോമിയോ ക്ലിനിക് | ഡോ.ബൈജു.K.N | 13 |

ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 18) ലഭ്യമാക്കിയ മറുപടിയിൽ ടി സ്ഥാപനങ്ങളിൽ നിന്ന്സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്ന്1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-21 കടമുറി വാടക 3000/- രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു.

2022-2023 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ അധികാരപരിധിയിലുള്ള കടമുറികളുടെ ലേലം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ DCB സ്റ്റേറ്റ്മെന്റിൽ 3000/- രൂപ വാടക ഇനത്തിൽ കുടിശ്ശിക ആയി കാണിച്ചിരിക്കുന്നു. 2022-2023 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലും B 15 പട്ടികയിൽ Rent Receivable From Building (Current) ൽ 3000/- രൂപ കിട്ടാനുള്ളതായി കാണിച്ചിരിക്കുന്നു. എന്നാൽ കുടിശ്ശിക വരുത്തിയ വാടകക്കാരന്റെ പേര്,കടമുറി നമ്പർ,കാലയളവ് എന്നിവ രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ 05.10.2023 തീയതിയായി 39 -ാം നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നതിൽ മറുപടി ലഭ്യമാക്കിയിട്ടില്ല. ടി വിശദാംശം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-22 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ വാഹനങ്ങൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി, സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്.മംഗലപുരം ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ജനറൽ കമ്മിറ്റിയുടെ വിവിധ തീരുമാനങ്ങൾ പ്രകാരം വിവിധ വസ്തുക്കൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.ടി തീരുമാനം നടപ്പിലായതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

| ക്രമ നം | തീരുമാനം നം,തീയതി | വസ്തു വിവരം |
|---|---|---|
| 1 | 7-1/20-10-22 | 16-ാം വാർഡ്-ഉണ്ടിൽ സ്വസ്തി റോഡ് |
| 2 | 16-1/20-10-20 | വെയിലൂർ വില്ലേജിൽ വിട്ടുകിട്ടിയ 1.21 ആർ ഭൂമി |

| | | |
|---|---|---|
| 3 | 6-1/28-1-23 | പൊയ്കയിൽ മേൽ തോന്നയ്ക്കൽ 3.2 ആർ പുരയിടം |
| 4 | 6-13/28-1-23 മുതൽ 6-20 /28-1-23വരെ | വിവിധ വാർഡുകളിലെ 8 റോഡുകൾ |

ടി വസ്തുക്കൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 22) ലഭ്യമാക്കിയ മറുപടിയിൽ ,ആയവ ആസ്തി രജിസ്റ്ററിൽഉൾപ്പെടുത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം ആസ്തി രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയില്ല

പതിന്നാലാം പഞ്ചവൽസര പദ്ധതിയിലെ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ- ജി.ഒ (എം.എസ്) നമ്പർ 84/2022/ ത.സ്വ.ഭ.വ., തീയതി 19/4/22 ലെ ഖണ്ഡിക 8-14, പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം, റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. അതോടൊപ്പം തന്നെ,സ്വാഭാവിക ജലനിർഗ്ഗമനം സുഗമാക്കുന്നതിനുള്ള ഡ്രെയിനേജ് പ്ലാനും തയ്യാറാക്കണം. നിലവിലുള്ള റോഡുകൾക്കും പുതിയ റോഡുകൾക്കും ഡ്രെയിനേജ് സംവിധാനം ഉറപ്പു വരുത്തണം. ഗ്രാമ പഞ്ചായത്ത് തൻവർഷം നിരവധി റോഡ് ടാറിംഗ്, റോഡ് കോൺക്രീറ്റിംഗ്, റോഡുമായി ബന്ധപ്പെട്ട ഓടകൾ, സൈഡുവാളുകൾ എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയല്ല ഇവ ഏറ്റെടുത്തിരിക്കുന്നത്.ആയത് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരുന്നതായി ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1) ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

## 1-24 വെള്ളക്കരം കുടിശ്ശിക പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പ്രതിമാസം 222356/- രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിവരുന്നത്. ആകെ 461 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വരുന്നത്. എന്നാൽ KWA യുടെ ബില്ലുകളിൽ Closing Balance, Fine എന്നിവ കൂടി ഉൾപ്പെടുത്തിയുള്ള തുകയാണ് ഡിമാന്റു ചെയ്തിട്ടുള്ളത്. ഉദാഹരണമായി, 2022 ആഗസ്റ്റ് മാസത്തെ ബിൽ പ്രകാരം, Closing Balance As On31/7/22 -472226/- രൂപയും, Demand For The Month -2,22,356/- രൂപയും, ഫൈൻ -9263/- രൂപയും ചേർത്ത് ആകെ Amount Payable 703845/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത്, പ്രതിമാസ വെള്ളക്കരമായ 2,22,356/- രൂപ മാത്രമേ KWA യ്ക്ക് നല്കിയിട്ടുള്ളൂ. ജലജീവൻമിഷൻ പദ്ധതിയിലൂടെ 90% വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമായിട്ടുള്ളതിനാൽ, ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWA-യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്ന പക്ഷം, ഭൂരിഭാഗം പൊതുടാപ്പുകൾ ഒഴിവാക്കാൻ സാധിക്കുമെന്നതിനാൽ സംയുക്ത പരിശോധന നടത്താൻ KWA-യോട് അഭ്യർത്ഥിക്കാൻ, ജനറൽ കമ്മിറ്റി 19-10-22 ലെ തീരുമാനം 2-1 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ KWA യഥാസമയം ബില്ലുകൾ ലഭ്യമാക്കാത്തതാണ് ഭീമമായ കുടിശ്ശിക വരാൻ കാരണം എന്ന് ഓഡിറ്റ് എൻക്വറി നം. 4 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാർഡു മെമ്പർമാരുടെ റിപ്പോർട്ടു പ്രകാരം 200 ടാപ്പുകൾ ഒഴിവാക്കാവുന്നതാണ് എന്ന് കണ്ടെത്തിയതിനെ തുടർന്ന്, അത്രയും ടാപ്പു കൾ ഒഴിവാക്കുന്നതിന് 760000/- രൂപയുടെ എസ്റ്റിമേറ്റ് KWA ലഭ്യമാക്കിയിട്ടുള്ളതിനാൽ അടുത്ത സാമ്പത്തിക വർഷം ഇതിലേക്കായി പ്രോജക്ട് വയ്ക്കുവാൻ ഭരണ സമിതി തീരുമാനിച്ചിട്ടുള്ളതായും, ഓഡിറ്റ് എൻക്വറി നം. 4 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും ഉപയോഗിക്കുന്ന ടാപ്പുകൾക്കുമാത്രം വെള്ളക്കരം ഒടുക്കുവരുത്തേണ്ടതുമാണ്.

## 1-25 പ്രിന്റിംഗ് ചാർജ്ജ്-. ജി.എസ്.ടി ഈടാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതി രൂപീകരണം, മോണിട്ടറിംഗ് (പ്രോജക്ട് നം. 139) എന്ന പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വിവിധ പ്രിന്റിംഗ് ജോലികൾക്കായി അക്ഷയ ഓഫ്സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് 2022-23 വർഷം വിവിധ ബില്ലുകളിലായി ആകെ 186380/- രൂപ പ്രിന്റിംഗ് ചാർജ്ജിനത്തിൽ നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ വാർഷിക ടേൺ ഓവർ ഇരുപതു ലക്ഷം രൂപയിൽ കുറവായതിനാൽ ടി സ്ഥാപനം ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടില്ല എന്ന് സ്ഥാപനം സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാൽ ബില്ലുകളിൽ നിന്ന് ജി.എസ്.ടി ഈടാക്കിയിട്ടില്ല. സ്ഥാപനത്തിന്റെ ടേൺ ഓവർ തുകയും ജി.എസ്.ടി നിയമ പ്രകാരം ഒഴിവാക്കാൻ അർഹതപ്പെട്ടതാണോ എന്ന പരിശോധനയും നടത്തി ജി.എസ്.ടി ഈടാക്കി അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ചരക്ക് സേവന നികുതി നിയമം 2017 വകുപ്പ് 9(3), 9(4), 9(5) എന്നിവ പ്രകാരം, ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ള ഒരു വ്യക്തി/സ്ഥാപനം, ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത ഒരു വ്യക്തി/സ്ഥാപനത്തിൽ നിന്ന് ചരക്കോ സേവനമോ സ്വീകരിക്കുകയാണെങ്കിൽ, ആ സപ്ലൈയുമായി ബന്ധപ്പെട്ട നികുതി റിവേഴ്സ് ചാർജ്ജ് തത്വപ്രകാരം സ്വീകർത്താവ് സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്. എന്നാൽ, മേല്പറഞ്ഞ ബില്ലുകളിൽ അപ്രകാരം ചെയ്തതായും കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി (നം.5)ക്കുള്ള മറുപടിയിൽ, ഭാവിയിൽ ടി അപാകം പരിഹരിക്കുന്നതാണ്എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## 1-26 എം ജി എൻ ആർ ഇ ജി എസ് മുദ്രപത്രവില ഈടാക്കുന്നതിൽ കുറവ്

2018 ലെ കേരള ഫിനാൻസ് ആക്ട് സെക്ഷൻ 4, ഉപ വകുപ്പ് (4) പ്രകാരം 1959 ലെ കേരള സ്റ്റാമ്പ് ആക്ടിലെ (അമൻഡ്മെന്റ് ആക്ട് 17 ഓഫ് 1959) ഷെഡ്യൂളിൽ (G) നമ്പരായി പുനർനാമകരണം ചെയ്തിട്ടുള്ള ഉപവകുപ്പിന് മുൻപായി പുതുതായി ഉൾപ്പെടുത്തിയ ഉപവകുപ്പ് (എഫ്) പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്കും, സേവനതലത്തിലുള്ള കരാറുകൾക്കും, ഓരോ 1000/- രൂപയ്ക്കും 1 രൂപ ക്രമത്തിൽ മുദ്രപത്രത്തിൽ കരാർവെയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അങ്ങിനെ ഈടാക്കാത്ത കരാർ ജോലികളുടെ ചില ഉദാഹരണങ്ങൾ ചുവടെ

ചേർക്കുന്നു.

| കരാറുകാരൻ | ജോലികൾ | മെറ്റീരിയൽസിന്റെ വില (Mbook പ്രകാരം) | മുദ്രപത്രവില ഒടുക്കിയത് | മുദ്രപത്രവില ഒടുക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| ഷേർഷാ ജമീൽ , സഫീന മൻസിൽ ശാസ്തവട്ടം മംഗലപുരം. | RC/346367 MB No 214/22-2 കല്ലുകാട് റോഡ് കോൺക്രീറ്റ് ശാസ്തവട്ടം വാർഡ്. | 420256 | 200 | 420 | 220 |
| | RC/341646 MB No 24/22 പാറയിൽതടം റോഡ് കോൺക്രീറ്റ്. വെയിലൂർ വാർഡ്. | 335084 | 200 | 335 | 135 |
| ഹരീന്ദ്രൻ വേലം വിളാകത്ത്, കുടവൂർ | RC/341642 MB No 49/22 മഠത്തിൽ റോഡ് കോൺക്രീറ്റ് കോട്ടറക്കരി വാർഡ് | 418672 | 200 | 410 | 210 |

ഇത് സംബന്ധിച്ച് 03.10.2023 ന് നൽകിയിട്ടുള്ള 30 -ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് പൊതുമരാമത്ത് പ്രവർത്തികൾക്കുള്ള മെറ്റീരിയൽ സപ്ലൈക്ക് മാത്രമാണ് കരാറുകൾ ചമച്ചിട്ടുള്ളത് എന്നതിനാലാണ് പ്രസ്തുത അമെന്റ്മെന്റ് പ്രകാരമുള്ള മുദ്രപത്ര വില ഈടാക്കാത്തത് എന്ന മറുപടി സമർപ്പിച്ചുട്ടുള്ളതാണ്. റോഡ് പ്രവൃത്തികളുടെ മെറ്റീരിയൽ സപ്ലൈ എന്നുള്ളത് പൊതുമരാമത്ത് ജോലികളുടെ ഭാഗമായി കണക്കാക്കി ആയതിനും 1959 ലെ കേരള സ്റ്റാമ്പ് ആക്ടിലെ (അമൻമെന്റ് ആക്ട് 17 ഓഫ് 1959) ഷെഡ്യൂളിൽ (G) നമ്പരായി പുനർനാമകരണം ചെയ്തിട്ടുള്ള ഉപവകുപ്പ് പ്രകാരം കൂടിയ മുദ്രപത്ര വില ഈടാക്കുവാനുള്ള സാധ്യത പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2022-23 വർഷം ഗ്രാമ പഞ്ചായത്ത് വിവിധ ഏജൻസികൾക്ക് പഞ്ചായത്തു വിഹിതം നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. കൂടാതെ, വിവിധ പദ്ധതികൾക്കുള്ള പഞ്ചായത്ത് വിഹിതമായി വിവിധ ഏജൻസികൾക്ക് തുക കൈമാറിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു (ഓഡിറ്റ് എൻക്വയറി നം. 6, 26).

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി.

| ക്രമ നം. | പ്രോജക്ട് നം./പേര് | നിർവ്വഹണ ഏജൻസി | തുക (രൂപ) | ബിൽ നം. തീയതി | .നിർവ്വഹണ ഉദ്യോഗസ്ഥൻ. |
|---|---|---|---|---|---|
| 1 | 145,DPC ബിൽഡിംഗ് | DPC | 350000 | 65/17-9-22 | സെക്രട്ടറി. |
| 2 | 220-ഡയാലിസിസ് * | ജില്ലാ | 96000 | 614/31-3-23 | സെക്രട്ടറി. |

| | | | | | |
|---|---|---|---|---|---|
| | രോഗികൾക്ക് പഞ്ചായത്ത് വിഹിതം | പഞ്ചായത്ത് | | | |
| 3 | 185,S.S.K വിഹിതം- ജനറൽ | S.S.k | 279898 | 100000/- 66/17-9-22 | സെക്രട്ടറി. |
| 4 | 185,S.S.K വിഹിതം- ജനറൽ | S.S.k | | 179898/- 607/31-3-23 | സെക്രട്ടറി. |
| 5 | 222-S.S.K വിഹിതം(SCP) | S.S.K | 473600 | 608/31-3-23 | സെക്രട്ടറി. |
| 6 | 175,പാഥേയം | ജില്ലാ പഞ്ചായത്ത് | 331968 | 576/28-3-23 | അസി.സെക്രട്ടറി. |

എന്നാൽ ടി പ്രവൃത്തികൾക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

* ടി പ്രോജക്റ്റിന് സുലേഖ ചെലവു പത്രികയിൽ ചെലവു രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക 1-1-19 (1) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-28 ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി) എന്ന പ്രോജക്റ്റ് പ്രകാരം, മുൻ വർഷങ്ങളിൽ എഗ്രിമെന്റ് വച്ച്, ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം | പേര് | കൈപ്പറ്റിയ തുക (രൂപ) | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ശശികല,കൽപ്പകമംഗലം | 80000 | 13-7-20 |
| 2 | സിമിമോൾ വെട്ടുവിള | 200000 | 29-12-21 |
| 3 | ശ്യാമ.S.S, ഊരൂക്കോണം | 40000 | 23-3-21 |
| 4 | സിജിമോൻ | 300000 | 9-1-21 |
| 5 | പ്രേമ,വിഷ്ണുമംഗലം | 40000 | 20-1-22 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയിട്ടുള്ള 30 -ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണത്തിനായി തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലായെങ്കിൽ ഇതിനായി അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയിട്ടുള്ള 30 ാം നമ്പർ ഓഡിറ്റ് അന്വഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-29 സായൂജ്യം പകൽവീടിന് വാഹനം വാടകയ്ക്ക് എടുക്കൽ-അപാകങ്ങൾ

| | |
|---|---|
| പദ്ധതിയുടെ പേര് | സായൂജ്യം പകൽവീട് |
| പദ്ധതി നമ്പർ | 27/23 |
| പദ്ധതി അടങ്കൽ | 1220000 (310000/- (വികസന ഫണ്ട് എസ്‌സിപി) +610000/- തനത് ഫണ്ട് + 300000/- ബ്ലോക്ക് വിഹിതം) |
| പദ്ധതി ചെലവ് | 815187 (287970/- (വികസന ഫണ്ട് എസ്‌സിപി)+ 227217/- (തനത് ഫണ്ട്)+ 300000/- (ബ്ലോക്ക് വിഹിതം)) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1) പദ്ധതിയുടെ ഭാഗമായി പകൽവീട് അന്തേവാസികൾക്ക് ഗതാഗത സൌകര്യം ഒരുക്കുന്നതിനായി ശ്രീ.സുരേഷ്കുമാർ എന്ന വ്യക്തിയുടെ Kl-22-C 7650 നം പുഞ്ചിരി ട്രാവൽസ് എന്ന വാഹനം കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുത്തിട്ടുണ്ട്. പ്രതിദിനം രാവിലെയും വൈകിട്ടും 16 കി.മി. വീതം ആകെ 32 കി.മി ആണ് വാഹനം ഓടേണ്ടുന്ന ദൂരം.

പ്രതി ദിനം 30 കി.മി.വരെയുള്ള ദൂരത്തിന് 2150 രൂപയും,അധിക ദൂരത്തിന് 22രൂ/ കി.മി.എന്ന ക്വട്ടേഷൻ നിരക്കാണ് അംഗീകരിച്ചിട്ടുള്ളത്. 2021-22 വർഷം ലേലം കൊണ്ട അതേ നിരക്കിൽ തന്നെ തൻ വർഷവും വാഹനം ലഭ്യമാക്കാൻ സമ്മതിച്ച സാഹചര്യത്തിൽ ശ്രീ.സുരേഷ് കുമാറിനു തന്നെ 2022-23 വർഷവും കരാർ പുതുക്കി നല്കാൻ 22-4-22 ലെ ജനറൽ കമ്മിറ്റി തീരുമാനിച്ചു.(തീരുമാനം.നം.12-9). PWD മാനുവൽ പ്രകാരം ഒരു ലക്ഷം രൂപയിൽ അധികം ചെലവു വരുന്ന പ്രവൃത്തികൾക്ക് ടെണ്ടർ നടപടി സ്വീകരിക്കണം എന്ന് നിഷ്കർഷിക്കുന്നു. തൻവർഷം ടെണ്ടർ നടപടി സ്വീകരിച്ചാൽ മറ്റാരും തന്നെ മേല്പറഞ്ഞ നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് ക്വാട്ടു ചെയ്യാൻ സാധ്യതയില്ല എന്നും, ടിയാനെക്കാൾ ഭംഗിയായി പ്രവൃത്തി നിർവ്വഹിക്കാൻ സാധ്യതയില്ല എന്നും ഉള്ള നിഗമനത്തിൽ ജനറൽ കമ്മിറ്റി എത്തിച്ചേർന്നത് എന്തടിസ്ഥാനത്തിലാണ് എന്നും വ്യക്തമല്ല. അതിനാൽ ടെണ്ടർ നടപടി സ്വീകരിക്കാതെ തുടർച്ചയായി ഒരേയാൾക്ക് കരാർ നല്കിയത് ചട്ട വിരുദ്ധമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2) 15-9-18 ലെ സർക്കാർ സർക്കുലർ നം.85/ഫിൻ/2018 പ്രകാരം, ദീർഘകാലാടിസ്ഥാനത്തിൽ വാഹനം കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുമ്പോൾ ഒരു മാസത്തേക്കുള്ള മിനിമം കിലോമീറ്റർ നിശ്ചയിച്ച്, പ്രതിമാസ ചാർജ്ജ് നിശ്ചയിക്കേണ്ടതാണ്. ടി നിർദ്ദേശം പാലിച്ചിട്ടില്ല. പ്രതിദിനം ഓടേണ്ടുന്ന ദൂരം 32 കി.മി എന്നത് സ്ഥിരമാണ് എന്ന വസ്തുത പരിഗണിക്കാതെ, 30 കി.മി.വരെയുള്ള ദൂരത്തിന് 2150 രൂപയും,അധിക ദൂരത്തിന് 22രൂ/ കി.മി. എന്ന ക്വട്ടേഷൻ നിരക്ക് അംഗീകരിച്ചതിന്റെ സാംഗത്യം വ്യക്തമാകുന്നില്ല.

3) ശ്രീ.സുരേഷ്കുമാറിന് ടി കരാറിന്റെ അടിസ്ഥാനത്തിൽ 2022-23 വർഷം ആകെ 661548രൂപ വാഹന വാടകയായി നല്കിയിട്ടുണ്ട്. 1961 ആദായ നികുതി നിയമത്തിലെ വകുപ്പ് 194(C) പ്രകാരം ഒരു സാമ്പത്തിക വർഷം, ഒരു കരാറിൽ 30000/- രൂപയിൽ കൂടുതൽ പെമെന്റ് നടത്തുമ്പോൾ 1% ആദായ നികുതി സ്രോതസ്സിൽ നിന്ന് കുറവു ചെയ്യേണ്ടതുണ്ട്. ഇവിടെ ടി നിർദ്ദേശം പാലിച്ചിട്ടില്ല. ടിയാനിൽ നിന്ന് ആദായ നികുതി ഈടാക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം. 9 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വരും വർഷങ്ങളിൽ വാഹനം വാഹനം കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുമ്പോൾ മേല്പറഞ്ഞ അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ബഡ്സ്കൂളിന് വാഹനം വാടകയ്ക്ക് എടുത്തതിലെ അപാകങ്ങൾ

| | |
|---|---|
| പദ്ധതിയുടെ പേര് | സ്നേഹതീരം ബഡ്സ്കൂൾ |
| പദ്ധതി നമ്പർ | 16/23 |
| പദ്ധതി അടങ്കൽ | 2400000 (1280000 (വികസന ഫണ്ട് ജനറൽ)+620000 (തനത് ഫണ്ട്)+500000 (മറ്റ് ബ്ലോക്ക് ഫണ്ട്)) |
| പദ്ധതി ചെലവ് | 1932819 (1276272 (വികസന ഫണ്ട് ജനറൽ)+156547 (തനത് ഫണ്ട്)+ 500000 (ബ്ലോക്ക് ഫണ്ട്)) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1) പദ്ധതിയുടെ ഭാഗമായി സ്നേഹതീരം ബഡ്സ്കൂൾ അന്തേവാസികൾക്ക് ഗതാഗത സൗകര്യം ഒരുക്കുന്നതിനായി ശ്രീ.സുരേഷ്കുമാർ എന്ന വ്യക്തിയുടെ Kl-22-A 148 നം പുഞ്ചിരി ട്രാവൽസ് എന്ന വാഹനം കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുത്തിട്ടുണ്ട്.പ്രതിദിനം രാവിലെയും വൈകിട്ടും 14 കി.മി. വീതം ആകെ 28 കി.മി ആണ് വാഹനം ഓടേണ്ടുന്ന ദൂരം. പ്രതി ദിനം 30 കി.മി.വരെയുള്ള ദൂരത്തിന് 1950 രൂപയും,അധിക ദൂരത്തിന് 20രൂ/ കി.മി.എന്ന ക്വട്ടേഷൻ നിരക്കാണ് അംഗീകരിച്ചിട്ടുള്ളത്. 2019-20 വർഷം മുതൽ തുടർച്ചയായി ലേലം കൊണ്ട അതേ നിരക്കിൽ തന്നെ തൻ വർഷവും വാഹനം ലഭ്യമാക്കാൻ സമ്മതിച്ച സാഹചര്യത്തിൽ, ശ്രീ.സുരേഷ്കുമാറിനു തന്നെ 2022-23 വർഷവും കരാർ പുതുക്കി നല്കാൻ 22-4-22 ലെ ജനറൽ കമ്മിറ്റി തീരുമാനിച്ചു.(തീരുമാനം.നം.12-8).PWD മാനുവൽ പ്രകാരം ഒരു ലക്ഷം രൂപയിൽ അധികം ചെലവു വരുന്ന പ്രവൃത്തികൾക്ക് ടെണ്ടർ നടപടി സ്വീകരിക്കണം എന്ന് നിഷ്കർഷിക്കുന്നു. തൻവർഷം ടെണ്ടർ നടപടി സ്വീകരിച്ചാൽ മറ്റാരും തന്നെ മേല്പറഞ്ഞ നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് ക്വാട്ടു ചെയ്യാൻ സാധ്യതയില്ല എന്നും, ടിയാനെക്കാൾ ഭംഗിയായി പ്രവൃത്തി നിർവ്വഹിക്കാൻ സാധ്യതയില്ല എന്നും ഉള്ള നിഗമനത്തിൽ ജനറൽ കമ്മിറ്റി എത്തിച്ചേർന്നത് എന്തടിസ്ഥാനത്തിലാണ് എന്നും വ്യക്തമല്ല. അതിനാൽ ടെണ്ടർ നടപടി സ്വീകരിക്കാതെ തുടർച്ചയായി ഒരേയാൾക്ക് നാലാം വർഷവും കരാർ നല്കിയത് ചട്ട വിരുദ്ധമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2) 15-9-18 ലെ സർക്കാർ സർക്കുലർ നം.85/ഫിൻ/2018 പ്രകാരം, ദീർഘകാലാടിസ്ഥാനത്തിൽ വാഹനം കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുമ്പോൾ ഒരു മാസത്തേക്കുള്ള മിനിമം കിലോമീറ്റർ നിശ്ചയിച്ച്, പ്രതിമാസ ചാർജ്ജ് നിശ്ചയിക്കേണ്ടതാണ്. ടി നിർദ്ദേശം പാലിച്ചിട്ടില്ല.

3) ശ്രീ.സുരേഷ്കുമാറിന് ടി കരാറിന്റെ അടിസ്ഥാനത്തിൽ 2022-23 വർഷം ആകെ 590530/- രൂപ വാഹന വാടകയായി നല്കിയിട്ടുണ്ട്. 1961 ആദായ നികുതി നിയമത്തിലെ വകുപ്പ് 194(C) പ്രകാരം ഒരു സാമ്പത്തിക വർഷം, ഒരു കരാറിൽ 30000/- രൂപയിൽ കൂടുതൽ പെമെന്റ് നടത്തുമ്പോൾ 1% ആദായ നികുതി സ്രോതസ്സിൽ നിന്ന് കുറവു ചെയ്യേണ്ടതുണ്ട്. ഇവിടെ ടി നിർദ്ദേശം പാലിച്ചിട്ടില്ല.ടിയാനിൽ നിന്ന് ആദായ നികുതി ഈടാക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം. 10 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ വാഹനം വാഹനം കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുമ്പോൾ മേല്പറഞ്ഞ അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 സ്പിൽ ഓവർ പദ്ധതികൾ- തൻവർഷം നടപ്പിലാക്കിയില്ല.

ജി.ഓ.(എം.എസ്) നം72/2017ത.സ്വ.ഭ.വ. 29.03.2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2022-'23 വർഷം ഏറ്റെടുത്ത സ്പിൽ ഓവർ പ്രോജക്ടുകളിൽ പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|
| 1 | S029-അങ്കണവാടി ചുറ്റുമതിൽ | അസി.എഞ്ചിനീയർ |
| 2 | S0-30-ചാരുമ്മൂട് റോഡ് റീടാറിംഗ് | അസി.എഞ്ചിനീയർ |
| 3 | S042-കുരക്കട മാർക്കറ്റ് -ഉമ്പൂർമൂഴി | അസി.എഞ്ചിനീയർ |
| 4 | S0118-തോന്നയ്ക്കൽ ഇൻഡോർ സ്റ്റേഡിയം | സെക്രട്ടറി |
| 5 | S0-119ബയോഡൈവേഴ്സിറ്റി രജിസ്റ്റർ പുതുക്കൽ | സെക്രട്ടറി |
| 6 | S0120-കംപ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും AMC | സെക്രട്ടറി |
| 7 | S0122-ഹരിത കർമ്മസേനയ്ക്ക് വാഹനം | സെക്രട്ടറി |

സ.ഉ.(കൈ) നം.17/2018.ത.സ്വ.ഭ.വ. തീയതി.02.02.2018. ഖ.10 ൽ സ്പിൽ ഓവർ പദ്ധതികളുടെ തുടർ നടത്തിപ്പ് വ്യക്തമാക്കുന്നുണ്ട്. നടപ്പിലാക്കാത്ത മേൽ പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമല്ല. ഇവയിൽ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ വകയിരുത്തി ഏറ്റെടുത്ത പദ്ധതികളുടെ ഫണ്ടുകൾ പാഴാകാനുള്ള സാധ്യതയുണ്ട്.ടി പദ്ധതികൾ 2023-24 വർഷം നടപ്പിലാക്കുന്നതാണ് എന്ന് ഓഡിറ്റ് അന്വേഷണം നം-34/ 2023 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-32 വാഹന പരിപാലനം-അപാകങ്ങൾ

Kl-22-M-5970 എന്ന നമ്പർ ബൊലേറോ ആണ് ഗ്രാമ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം. ടി വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1) വാഹനത്തിന്റെ G.O(Rt) 582/75/PW Dtd.5-5-75 പ്രകാരമുള്ള ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റ് ഏറ്റവും ഒടുവിൽ പുതുക്കിയത് 18-1-22നാണ്. ആയതിന്റെ കാലാവധി 17-1-23 ന് അവസാനിച്ചു. കാലഹരണപ്പെട്ട ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വാഹനത്തിന്റെ ഇന്ധന ഉപഭോഗം നിയന്ത്രണോദ്യോഗസ്ഥൻ എങ്ങനെ നിരീക്ഷിച്ചു എന്ന് വ്യക്തമല്ല.

2) സ.ഉ(പി)നം.803/70/ഫിൻ തിയതി 13-11- 1970 പ്രകാരം സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ അനുബന്ധം 2 പ്രകാരം ഉള്ള മാതൃകയിൽ അല്ല ലോഗ് ബുക്ക് സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടുള്ളത്. വാഹനത്തിന്റെ ശരാശരി മൈലേജ് കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല. മിക്ക മാസങ്ങളിലും ലോഗ് ബുക്ക് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

3) സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ, ചട്ടം- 1 ഖണ്ഡിക-3 പ്രകാരം നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

- ലോഗ് ബുക്ക് എൻട്രികളുടെ കാർബൺ പകർപ്പുകളുടെ ഫയൽ (ഓരോ വാഹനത്തിനും ഓരോ മാസവും പ്രത്യേകം ഫയലുകൾ).
- അറ്റകുറ്റപ്പണികൾ, മാറ്റി സ്ഥാപിക്കൽ, സ്പെയർ പാർട്സുകൾ മുതലായവയുടെ വിവരം ചെലവ്, തിയതി എന്നിവ സഹിതം രേഖപ്പെടുത്തിയ റെക്കോർഡ്. പെട്രോളിന്റെ വില മുതലായവയും ഉപയോഗവും അനാമത്ത് വരവ്-ചെലവുകളും രേഖപ്പെടുത്തിയ രജിസ്റ്റർ
- വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് വാങ്ങിയ സ്റ്റോറുകളുടെ സ്റ്റോക്ക് രജിസ്റ്റർ

4) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹന ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(എം.എസ്)നം.170/07/തസ്വഭവ തിയതി 30-06-2007 പ്രകാരം ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച മുൻ അർദ്ധ വർഷത്തെ വാഹനം സംബന്ധിച്ച വരവ് ചെലവ് കണക്കുകളുടെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

5) ലോഗ് ബുക്കിന്റെ വലതു ഭാഗത്തുള്ള ഫ്യുവൽ അക്കൗണ്ട് പൂരിപ്പിക്കുകയോ,വാഹനത്തിൽ ഇന്ധനം നിറച്ചത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ, വാഹനത്തിന്റെ നിയന്ത്രണോദ്യോഗസ്ഥൻ ആയതു സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

6) ആറു മാസത്തിലൊരിക്കൽ ഫിറ്റ്നസ് ടെസ്റ്റ്, മൈലേജ് ടെസ്റ്റ്, പുക മലിനീകരണ ടെസ്റ്റ് എന്നിവ നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് നൽകിയഓഡിറ്റ് എൻക്വയറി നം -27 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-33 കന്നുകുട്ടി പരിപാലനം- അധിക തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നില്ല- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം , പേര് | 101/23 കന്നുകുട്ടി പരിപാലനം |
| അടങ്കൽ തുക | 1925000/- (വികസന ഫണ്ട് 962500/-, ഗുണഭോക്തൃവിഹിതം 962500/-) |
| ചെലവ് തുക | 962500/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

ക്ഷീര കർഷകരുടെ നാലുമുതൽ ആറുമാസം പ്രായമുള്ള പശുക്കുട്ടികളെ കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി പരിപാലിക്കുന്ന പദ്ധതിയുടെ ആകെ ചെലവിന്റെ 50% വികസനഫണ്ടും 50% ഗുണഭോക്തൃവിഹിതവും വഹിക്കുന്ന പദ്ധതിയ്ക്ക് 77 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള ചെലവ് തുക എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ പേർക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതിന് 25.09.2023 തീയതി 7ാം നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നതിൽ ലഭ്യമാക്കിയിട്ടുള്ള മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | SLBP യ്ക്കായി കൈമാറിയ തുക | ചെലവഴിച്ച തുക | SLBP യിൽ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | 2018-2019 | 1125000 | 962664.5 | 162335.5 |
| 2 | 2019-2020 | 125000 | 99041 | 25959 |
| 3 | 2020-2021 | 875000 | 719694 | 155306 |
| 4 | 2021-2022 | 875000 | 729376 | 145624 |
| 5 | 2022-2023 | 962500 | 189279 | 773221 |

2018-2019, 2019-2020 സാമ്പത്തിക വർഷങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക, യഥാക്രമം രൂപ 162335.5, രൂപ 25959 തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
2020-2021, 2021-2022 സാമ്പത്തിക വർഷങ്ങളിലെ ചെവഴിക്കാത്ത തുകകളുടേയും, 2022-2023 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്ഥാപനത്തിന്റെ വിഹിതമായി നൽകിയ തുകയുടേയും വിനിയോഗസാക്ഷ്യപത്രങ്ങൾ എസ് എൽ ബി പി ജില്ല ഓഫീസിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 ഘടക സ്ഥാപനങ്ങളുടെ വെള്ളക്കരം കുടിശ്ശിക -ധനനഷ്ടം ഒഴിവാക്കണം

ജനറൽ കമ്മിറ്റിയുടെ 30/9/22ലെ തീരുമാനം നം.15-1ൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ വെള്ളക്കരം കുടിശ്ശിക KWA നടത്തിയ അദാലത്തിൽ കുറവു ചെയ്തു കിട്ടിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം | സ്ഥാപനം | ആദ്യബിൽ തുക (രൂപ) | അദാലത്തിനു ശേഷമുള്ള തുക (രൂപ) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 131-നം അംഗൻവാടി | 33483 | 23637 |
| 2 | 134-നം അംഗൻവാടി | 74834 | 65171 |
| 3 | കൈലാത്തു കോണം സ്കൂൾ | 31332 | 17803 |

വെള്ളക്കരം ഇനത്തിൽ ഈ വിധം ഭീമമായ കുടിശ്ശിക വരാനുള്ള കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം 21ന് ലഭ്യമാക്കിയ മറുപടിയിൽ, പട്ടികയിൽ പറഞ്ഞിട്ടുള്ള അംഗൻവാടികൾക്ക് യഥാക്രമം 2016, 2017 വർഷങ്ങളിലാണ് വാട്ടർ കണക്ഷൻ ലഭ്യമായതെന്നും, ആദ്യ കാലങ്ങളിൽ KWA യഥാസമയം ബിൽ ലഭ്യമാക്കാത്ത സാഹചര്യത്തിലാണ് ഈ വിധം വൻ തുക കുടിശ്ശിക വന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്. അംഗൻവാടികളുടെ വെള്ളക്കരം ,കുറവു ചെയ്തുകിട്ടിയ ശേഷമുള്ള ബിൽ തുക 2023-24 വർഷം അടച്ചിട്ടുള്ളതായും ടി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കൈലാത്തുകോണം സ്കൂളിന്റെ വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച് പ്രസ്തുത മറുപടിയിൽ യാതൊന്നും പറഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഘടക സ്ഥാപനങ്ങളുടെ വെള്ളക്കരം ബിൽ, ഇലക്ട്രിസിറ്റി ബിൽ എന്നിവ യഥാസമയം ലഭിക്കുന്നു എന്ന് ഉറപ്പു വരുത്താൻ ഘടക സ്ഥാപനമേധാവികൾക്ക് ഭരണ സമിതി നിർദ്ദേശം നല്കേണ്ടതാണ്. KWA, KSEB എന്നിവയുടെ ഭാഗത്തു നിന്നുള്ള വീഴ്ചമൂലം പഞ്ചായത്തിന് ധനനഷ്ടം വരുന്നത് ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-35 അങ്കണവാടി നവീകരണം-സംസ്ഥാന വിഹിതമായി കിട്ടാനുള്ള മുഴുവൻ തുകയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേര് | നാല് അങ്കണവാടികളുടെ നവീകരണം |
| പദ്ധതി നമ്പർ | SO-47/23 |
| പദ്ധതി അടങ്കൽ | 628269/-<br>(മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) -388269/-<br>സംസ്ഥാനാവിഷ്കൃതം – 240000/-) |
| പദ്ധതി ചെലവ് | 388269/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥ | അസി.എഞ്ചിനീയർ |

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

2021-22 വർഷം തുടങ്ങിയ ടി (നം. 185/22) പദ്ധതിക്ക് 2021-22, 2022-23 വർഷങ്ങളിലായി ആകെ ചെലവായ മുഴുവൻ തുകയും (838546/- രൂപ) മെയിന്റനൻസ് ഗ്രാന്റിൽ (റോഡിതരം) നിന്നാണ് കരാറുകാരന് നല്കിയിട്ടുള്ളത്. കരാറുകാരന് പണമാക്കി നല്കാൻ അവശേഷിക്കുന്ന കുടിശ്ശിക തുകയായ 45991/- രൂപ, 2023-24 വർഷം നല്കുന്നതിനായി ടി തുകയ്ക്കുള്ള CC III Rd And Final ബിൽ തയ്യാറാക്കി വച്ചിട്ടുണ്ടെങ്കിലും, സംസ്ഥാനാവിഷ്കൃതം ഫണ്ടിനത്തിൽ പഞ്ചായത്തിനു ലഭിക്കുവാനുള്ള തുക ലഭിക്കാത്ത സാഹചര്യത്തിൽ, ടി തുക നാളിതു വരെ കരാറുകാരന് നല്കാൻ സാധിച്ചിട്ടില്ല. 2022-23 വർഷത്തെ സുലേഖാ ചെലവു പത്രിക പ്രകാരം, മേൽ പദ്ധതിക്ക് സംസ്ഥാനാവിഷ്കൃതം ഫണ്ടിനത്തിൽ 240000/- രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ടി ഇനത്തിൽ തുക ലഭിക്കുകയോ, ചെലവു ചെയ്യുകയോ ചെയ്തിട്ടില്ല. CDPO യുടെ 27/10/21 ലെ ICDS/PNCD/B-345/21നം കത്ത് പ്രകാരം, അങ്കണവാടി ഒന്നിന് 60000/- രൂപ ക്രമത്തിൽ ആകെ 240000/- രൂപ ടി പദ്ധതിക്ക് സംസ്ഥാനാവിഷ്കൃതം ഫണ്ടിനത്തിൽ ലഭിക്കും എന്ന് അറിയിച്ചതിനെ തുടർന്നാണ് മേല്പറഞ്ഞ പ്രകാരം സുലേഖാ ചെലവു പത്രികയിൽ ഫണ്ടു വകയിരുത്തൽ നടത്തിയത്. എന്നാൽ ടി തുക യഥാസമയം ലഭ്യമാകാത്തതിനാൽ, മുഴുവൻ തുകയും മെയിന്റനൻസ് ഗ്രാന്റിൽ (റോഡിതരം) നിന്ന് കരാറുകാരനു നൽകുകയാണ് ചെയ്തത്. എന്നാൽ LSGD എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 6/3/23 A4-2/EE/LSGD/2022 മുഖേന, കരാറുകാരന് നല്കാൻ അവശേഷിക്കുന്ന ഫൈനൽ ബിൽ തുകയായ 45991/- രൂപ മാത്രമാണ് ഗ്രാമപഞ്ചായത്ത്, വനിതാ ശിശു വികസന വകുപ്പിനോട് സംസ്ഥാനാവിഷ്കൃതം ഫണ്ടിനത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന് ആകെ ചെലവിന് ആനുപാതികമായി കിട്ടാനുള്ള തുക മുഴുവൻ ഡിമാന്റു ചെയ്ത് പദ്ധതി പൂർത്തീകരിക്കേണ്ടതായിരുന്നു. ഇക്കാര്യത്തിൽ ഭരണ സമിതിയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ പദ്ധതികൾക്ക് തുക ചെലവ് ചെയ്യുമ്പോൾ വകയിരുത്തലിന് ആനുപാതികമായി ചെലവ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി കൂടിയിട്ടില്ല

സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.3.I പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി

ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപവത്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപവത്കരിച്ചതിന്റെയും 2022-23 വർഷത്തെ പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനത്തെയും സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 38/4.10.2023-ന്റെ മറുപടി പ്രകാരം പ്രസ്തുത കമ്മിറ്റി 2022-23ൽ കൂടാൻ സാധിച്ചിട്ടില്ലെന്നും ടി കമ്മിറ്റി പഞ്ചായത്ത് തലത്തിൽ അടിയന്തിരമായി കൂടുന്നതിനുള്ള കത്ത് നൽകിയിട്ടുണ്ടെന്നും തുടർന്ന് കൃത്യമായി യോഗം ചേരുന്നതാണെന്നും അറിയിച്ചു.

## 1-37 സിദ്ധ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ - എക്സ്പെയറി ഡേറ്റ് കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തു

| | |
|---|---|
| പ്രോജക്ട് നം. | S0092/23 |
| പ്രോജക്ടിന്റെ പേര് | സിദ്ധ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 600000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 600000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| ബിൽ നം. | 70/19.9.2022 |

Invoice No. TVM/22-23/1429 തീയതി: 3.11.2022 പ്രകാരം ലഭിച്ച ചുവടെ ചേർക്കുന്ന സിദ്ധ മരുന്നുകൾ Expiry Date-ന് ശേഷവും വിതരണം ചെയ്തതായി കാണുന്നു.

| No. | Item | Pack | Quantity | Expiry Date | Amount (Rs.) |
|---|---|---|---|---|---|
| 1 | Nilavembu Kudineer | 50GM | 72 | 31.5.2023 | 6520.50 |
| 2 | Pithajwara Kudineer | 500GM | 51 | 30.6.2023 | 14659.31 |

ഏകദേശം ആറുമാസ കാലയളവ് മാത്രമാണ് മരുന്ന് കമ്പനിയിൽ നിന്നും ലഭിച്ച ശേഷം ഉണ്ടായിരുന്നതായും മരുന്ന് പരിശോധിച്ചതിൽ മറ്റ് കേടുള്ളതായി കാണപ്പെടാത്തതും രോഗികൾക്ക് നൽകുന്നതിന് പ്രശ്നമില്ല എന്ന് ബോധ്യപ്പെട്ടതിന് ശേഷവുമാണ് നൽകിയതെന്നും മേലിൽ തീയതി നോക്കി കമ്പനിയ്ക്ക് തിരികെ നൽകുന്നതാണെന്ന് മെഡിക്കൽ ഓഫീസർ ഓഡിറ്റ് അന്വേഷണ കുറിപ്പ് 13/27.9.2023-ന് മറുപടിയായി അറിയിച്ചു.

ഇത്തരത്തിൽ കാലഹരണപ്പെട്ട മരുന്നുകൾ രോഗികൾക്ക് നൽകുന്നത് പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകാനിടയുള്ളതിനാൽ മരുന്നുകൾ ലഭ്യമാകുമ്പോൾ അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്. ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 1-38 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല

2022-23 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന ബില്ലുകളിന്മേൽ മരുന്നുകൾ ലഭ്യമാകാനുണ്ട്.

1.

| | |
|---|---|
| പ്രോജക്ട് നം. | SO018/23 |
| പ്രോജക്ടിന്റെ പേര് | കുടുംബാരോഗ്യകേന്ദ്രത്തിന് മരുന്ന് വാങ്ങൽ |
| അടങ്കൽ | 1456274 (വികസന ഫണ്ട്- പൊതുവിഹിതം-സാധാ വിഹിതം, മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 1456274 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |

| ബിൽ നം. | മരുന്നുകൾ ലഭ്യമായത് | മരുന്നുകൾ ലഭ്യമാകാനുള്ളത് |
|---|---|---|
| 160/15.12.2022 തുക 500000/- | 419551/- രൂപയുടെ മരുന്നുകൾ | 80449/- രൂപയുടെ മരുന്നുകൾ |

| | | |
|---|---|---|
| 178/28.12.22 തുക 278000/- | 210365/- രൂപയുടെ മരുന്നുകൾ | 67635/- രൂപയുടെ മരുന്നുകൾ |
| 13/13.6.2022 തുക 200000/- | 198647/- രൂപയുടെ മരുന്നുകൾ | 1353/- രൂപയുടെ മരുന്നുകൾ |
| 540/22.3.23 തുക 478274/- | 464320.5/- രൂപയുടെ മരുന്നുകൾ | 13953.5/- രൂപയുടെ മരുന്നുകൾ |

2. പ്രോജക്ട് നം. S0013/23 - പാലിയേറ്റീവ് പരിചരണം 2022-23

മേൽ പ്രോജക്ടിലെ ബിൽ നം. 495/15.3.23 പ്രകാരം 200000/- രൂപ IHDB യ്ക്ക് കൈമാറിയിട്ടുണ്ട്. ആയതിൽ 191343.5/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കിയുള്ള 8656.5/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. അവശേഷിക്കുന്ന തുകയ്ക്ക് മരുന്നുകൾ ലഭ്യമാകാൻ സ്വീകരിച്ച നടപടികളുടെ വിവരം (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.45/5.10.2023) ലഭ്യമായില്ല. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-39 അങ്കണവാടികളുടെ പ്രവർത്തനാവലോകനം

സർക്കാർ ഉത്തരവ് നം. 84/2022/തസ്വഭവ തീയതി 19.4.2022 ഖണ്ഡിക 8.8.2 അനുശാസിക്കും പ്രകാരമുള്ള ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളെപ്പറ്റിയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിഷയം | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 41 | |
| 2 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 9 | |
| 3 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 8 | |
| 4 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 1 | |
| 5 | ചുറ്റുമതിൽ ഇല്ലാത്തവ | 1 | |
| 6 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 41 | |
| 7 | റോഡിന് സമീപത്ത് അല്ലാത്തവ | 2 | |
| 8 | കളിസ്ഥലം ഇല്ലാത്തവ | 5 | |
| 9 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | - | |
| 10 | മൂന്നു മുറിയെങ്കിലും ഇല്ലാത്തവ | - | |
| 11 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 41 | 2023-24 ൽ 6 അങ്കണവാടികൾക്ക് റാമ്പ് വയ്ക്കും |
| 12 | ശിശു സൗഹൃദ പെയിന്റിംഗ് | 26 | |

| | | | |
|---|---|---|---|
| | ഇല്ലാത്തവ | | |
| 13 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 26 | |
| 14 | വൈദ്യുതി ഇല്ലാത്തവ | - | |
| 15 | Baby Weighing Machine/salter Scale/ Platform Weighing Scale | 41 ലും ഉണ്ട് | |
| 16 | സൂപ്പർവൈസറുടെ ഫോൺനമ്പറോടു കൂടിയ നെയിം ബോർഡ് ഇല്ലാത്തവ | - | |
| 17 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | - | |
| 18 | പ്രഥമ ശുശ്രൂഷ കിറ്റ്, മരുന്നു കിറ്റ് എന്നിവ ഇല്ലാത്തവ | 41 | |
| 19 | ക്ലോക്ക്, ബെൽ, ഫോൺ, ഫാൻ, അലമാര, ഫയൽ റാക്ക് എന്നിവ ഇല്ലാത്തവ | - | |
| 20 | പാചകവാതക സൗകര്യം ഇല്ലാത്തവ | - | |
| 21 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | - | |
| 22 | ആവശ്യത്തിനു കളിക്കോപ്പുകൾ ഇല്ലാത്തവ (Both Indoor And Outdoor) | - | |
| 23 | വാട്ടർ പ്യൂരിഫെയർ ഇല്ലാത്തവ | 28 | |
| 24 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | - | |
| 25 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | - | |
| 26 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | - | |
| 27 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | - | |
| 28 | പരാതിപ്പെട്ടി ഇല്ലാത്തവ | 41 | 2023-24 ൽ പ്രോജക്ട് വഴി 20 അങ്കണവാടികളിലും സ്ഥാപിക്കും. |

19.4.2022 ലെ സർക്കാർ ഉത്തരവ് നം. 84/2022/തസ്വഭവ ഖണ്ഡിക 8.8.2 പ്രകാരം അങ്കണവാടികൾക്ക്

സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കും എന്ന നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടതും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികളാക്കി മാറ്റാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

വിഹിതം നൽകിയ സ്ഥാപനം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 100000 | ലൈഫ് ഭവനപദ്ധതി ജനറൽ | 100000 | 0 |
| | | 0 | 570000 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 570000 | 0 |
| | | 0 | 500000 | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 500000 | 0 |
| | | 0 | 500000 | സ്നേഹതീരം ബഡ്സ് സ്കൂൾ & ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ | 500000 | 0 |
| | | 0 | 300000 | സായൂജ്യം പകൽവീട് പരിപാലനം 2022-23 | 300000 | 0 |
| | | 1579541 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 1579541 |
| ആകെ | | 1579541 | 1970000 | | 1970000 | 1677329* |

| | | | | | | |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 100000 | ലൈഫ് ഭവനപദ്ധതി ജനറൽ | 100000 | 0 |
| | | 0 | 720000 | ലൈഫ് ഭവനപദ്ധതി എസ് സി പി | 720000 | 0 |
| | | 0 | 36730 | ന്യൂലൈഫ് ഇടവിളാകം ലക്ഷം വീട് കോളനി സമഗ്ര വികസനം | 36730 | 0 |
| | | 0 | 570000 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 570000 | 0 |
| | | 0 | 148770 | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 148770 | 0 |
| | | 125 | 0 | മുൻ പ്രോജക്ടുകൾ | 0 | 125 |
| ആകെ | | 125 | 1575500 | | 1575500 | 125 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് (ലെഡ്ജർ പ്രകാരം) | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1579541 | 1970000 | 3549541 | 1970000 | 1677329 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 125 | 1575500 | 1575625 | 1575500 | 125 |
| മുനിസിപ്പൽ കോർപ്പറേഷനിൽ നിന്ന ലഭിച്ചത് | 1700000 | 150000 | 1850000 | - | 1850000 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ് സംബന്ധിച്ച അപാകതകൾ ഖണ്ഡിക 1-1-15 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ പ്രകാരം നിക്ഷേപ പ്രവൃത്തികൾ ഇല്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 6019734 | 122968 * | 6142702 | - | 6142702 |

| | | | | | |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ. | 5610000 | - | 5610000 | 235938 | 5374062 |
| അനേർട്ട് | 880000 | - | 880000 | - | 880000 |

അപാകം സംബന്ധിച്ച് ഖ 1-1-8 ൽ പ്രതിപാദിച്ചിട്ടുണ്ട്.

* തുക നൽകിയ വിവരം ധനകാര്യ പത്രികയിൽ ശരിയായ ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക ( RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| KURDFC | 3872391 | 2200000 | 2248568 | 3823823 |
| Secured Loans From Govt Bodies And Association | 675000 | - | - | 675000 |

ധനകാര്യപത്രിക B5 ഷെഡ്യൂൾ പ്രകാരം 330300101 എന്ന ശീർഷകത്തിൽ 675000/- രൂപ 2021-22 ലെ തുക തന്നെ 2022-23 വർഷവും നീക്കിയിരിപ്പുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 36920628 |
| ഓഡിറ്റ് വർഷത്തെ വരവ് | 60536663 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 47390283 |
| നീക്കിയിരിപ്പ് | 50067008.20 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ | ഇല്ല |

| | |
|---|---|
| അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 1<br>[34 (ഡി)] |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 1<br>[3-11] |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 1<br>[3-5] |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 2<br>[3-1, 3-3] |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 8<br>[3 (1, 2), 3 (6), 3 (7), 3 (9), 3 (15), 3 (16), 3 (17), 3 (19)] |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 8<br>[3 (3), 3 (4), 3 (5), 3 (9), 3 (11), 3 (13), 3 (15), 3 (16)] |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 2<br>[3 (1), 3 (4)] |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 9<br>[3 (4), 3 (5), 3 (6), 3 (8), 3 (9), 3 (10), 3 (14) (2), 3 (15), 3 (16)] |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 3<br>[3 (1), 3 (4), 3 (5)] |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 6<br>[2 (1) (ബി), 2 (1) (സി), 3 (1), 3 (2), 3 (5), 3 (8)] |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 3<br>[2 (1), 2 (2), 3 (3)] |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/206/2022 തീയതി. 15/10/2022 | 1<br>[3 (1)] |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/1906/2018 തീയതി. 16/10/2019 | 12 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/1058/2019 തീയതി. 29/07/2020 | 26 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/1731/2021 തീയതി. 04/03/2022 | 41 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/1017/2022 തീയതി. 30/06/2022 | 32 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/199/2023 തീയതി. 16/03/2023 | 29 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.),

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 7(1) dated 14-07-2023 and submitted on 28-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Mangalapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mangalapuram Grama Panchayat for the year 2022-2023

Date: 08/11/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Mangalapuram Grama Panchayat for the Year 2022-2023.

**1.Major Observations**

1. Non disclosure of depreciation of certain assets during 2022-23 - Depreciation for Other fixed assets, Public lighting and waterways are not calculated and included in I(17 a) of Income and Expenditure Schedule. Hence there is discrepancies in Asset recorded in Balance Sheet.
2. Deficit Balance has been recorded as per Income and Expenditure Statement- There is a deficit of Rs. 370630/- for the financial year which is to be explained.

**2.Other Observations**

1. The financial ratios and notes on accounts are not submitted with the Annual Financial Statement.
2. Cash flow statement-Net increase/decrease in cashflow doesnot match with the difference between the opening balance and closing balance of cash and cash equivalents.

3. Lapses in making timely and accurate demand entries in respect of tax revenue.
4. The valuation of stock and stores are not done at the end of the financial year and no amount is included in the B-14 Stock in hand (inventories) schedule.

5. Cheque of amount Rs. 59175/- uncashed for more than 3 months were not transfered to Stale cheque account.

6. Directly debited by bank - further action not taken. An amount of Rs. 16,897/- is recorded as directly debited by bank as per Bank Reconciliation Statement of SBI A/c no. 36250065056 .

7.An amount of Rs. 122968/- sanctioned to KSEB for deposit work as per RP 49(P) Schedule of Annual Financial Statement has not been included in Sulekha expenditure statement.

8. Closing balance of Relief fund in B 2 Schedule does not agree with that of B-17 and RP 40 b Schedules. A difference of Rs.1360/- is seen.
9. Closing balance of Specific grants MGNREGS and Literacy Scheme Grant in B 4 Schedule does not agree with that of B-17 and RP 40 b Schedules.

10. Balance of CFC Grant fund in the B-4 schedule does not match with respective bank account balance. There is a difference of Rs. 3830146/-

11. As per B-9 Schedule of Balance Sheet, an amount of Rs664598/- has been recorded as liability in respect of Stale cheques. No action has been taken to realize the expired amounts to the Income head.

12.The part bill amount of Rs. 12574371/-for capital work is not fully included in Capital Work in Progress Schedule( B-11(b))

13. Closing Balance of Joint venture projects- Block Share does not agree with that of AFS. Difference is 97788/-

14. The closing balance of Contractors Retention amount as per AFS does not tally with receipt and expenditure of the item .

15. DCB Registers do not match with AFS. For eg: As per register for Paramedical registration the amount of receipt is Rs.700/- but as per AFS the amount is recorded as Rs 2000/-.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്